സ്ത്രീ സമൂഹത്തിന്റെ മുന്നണിപ്പോരാളി
**മഹിളാവീഥി**
മാഗസിൻ

# പീപ്പിൾസ് റിവ്യൂ

സത്യാന്ന പ്രമദിതവ്യം
PEOPLE REVIEW
Estd : 2007
സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിന്റെ പുതിയ അർത്ഥതലങ്ങൾ
**പ്രവാസി റിവ്യൂ**
മാഗസിൻ

2023 മെയ് 27 ശനി
ptnizar@rediffmail.com 9037319971
www.peoplesreview.co.in

PUBLISHED FROM KOZHIKODE email: peoplesreviewdaily@gmail.com Ph. 0495 2769086, 9037319971 P.B. NO. 15 വില: 2 രൂപ


# അരിക്കൊമ്പൻ കമ്പം ടൗണിൽ; വെടിവച്ച് തുരത്താൻ ശ്രമം


കമ്പം ടൗണിലേക്കിറങ്ങിയ അരിക്കൊമ്പൻ

ഇടുക്കി: ചിന്നക്കനാലിൽ നിന്നും മയക്കുവെടിവച്ച് പിടികൂടി പെരിയാർ ടൈഗർ റിസർവിൽ വിട്ട അരിക്കൊമ്പൻ കമ്പം ടൗണിൽ. ടൗണിലുണ്ടായിരുന്ന ആളുകളെ അരിക്കൊമ്പൻ വിരട്ടിയോടിച്ചു. ടൗണിലെ വാഹനങ്ങൾ അരിക്കൊമ്പൻ തകർത്തു. ഓട്ടോറിക്ഷകളാണ് കൊമ്പൻ തകർത്തത്. ജനവാസ മേഖലയിലൂടെ അരിക്കൊമ്പൻ പാഞ്ഞോടിയതോടെ ഭയപ്പെട്ട് ജനങ്ങൾ വീടുകൾക്കുള്ളിൽ തന്നെ കഴിയുകയാണ് .അരിക്കൊമ്പനെ തമിഴ്നാട് വനംവകുപ്പ് അധികൃതർ മയക്കുവെടി വച്ചേക്കുമെന്നാണ് സൂചന. ഇതിന് മുന്നോടിയായി ആകാശത്തേക്ക് വെടിവച്ച് ആനയെ തുരത്താൻ വനംവകുപ്പ് ഉദ്യോഗസ്ഥർ ശ്രമിച്ചു. ആയിരക്കണക്കിനാളുകൾ താമസിക്കുന്ന, മേഖല പ്രധാന വാണിജ്യ മുനിസിപ്പാലിറ്റിയായ കമ്പം കേന്ദ്രം കൂടിയാണ്. ഇവിടെക്ക് ആന എത്തുന്നത് വലിയ വെല്ലുവിളിയാണ് സൃഷ്ടിച്ചിരിക്കുന്നത്. മുൻപ് ജനവാസ മേഖലയിൽ അരിക്കൊമ്പൻ ഇറങ്ങിയിരുന്നെങ്കിലും വലിയ പ്രശ്നങ്ങൾ ഉണ്ടാക്കിയിരുന്നില്ല.

ഇന്ന് രാവിലെ ആനയുടെ സിഗ്നൽ നഷ്ടമായതോടെ വനംവകുപ്പ് നടത്തിയ തിരച്ചിലിലാണ് ആന കമ്പത്ത് ജനവാസ മേഖലയിൽ എത്തിയെന്ന് വ്യക്തമായത്. ലോവർ ക്യാമ്പിൽ നിന്നും വനാതിർത്തിയിലൂടെ ഇവിടെ എത്തിയെന്നാണ് നിഗമനം. തമിഴ്നാട്ടിലെ ലോവർ ക്യാമ്പിനും ഗൂഡല്ലൂരിനും ഇടയിലുള്ള വനമേഖലയിലാണ് ഇന്നലെ രാത്രി ആനയുണ്ടായിരുന്നത്.


നൈജീരിയ തടഞ്ഞുവെച്ച എണ്ണക്കപ്പലിലെ ജീവനക്കാർ

## നൈജീരിയ തടഞ്ഞുവെച്ച എണ്ണക്കപ്പൽ മോചിപ്പിച്ചു; ഒൻപത് മാസത്തിന് ശേഷം ജീവനക്കാർ ജന്മനാടുകളിലേക്ക്

ന്യൂഡൽഹി: നൈജീരിയ അനധികൃതമായി പിടിച്ചുവച്ച എണ്ണകപ്പൽ മോചിപ്പിച്ചു. സമുദ്രാതിർത്തി ലംഘിച്ചെന്ന് ആരോപിച്ച് പിടിച്ചുവച്ച കപ്പലിലെ ജീവനക്കാരെയാണ് മോചിപ്പിച്ചത്. പാസ്പോർട്ടുകൾ ഇന്ന് കൈമാറും. എം.ടി ഹീറോയിക് ഇഡൂൻ എന്ന കപ്പലാണ് നൈജീരിയ കഴിഞ്ഞ ഒൻപത് മാസക്കാലമായി പിടിച്ചുവച്ചത്. മലയാളികൾ ഉൾപ്പെടെ 26 പേരാണ് നിലവിൽ നൈജീരിയയുടെ തടവിൽ കഴിയുന്നത്. ഇതിൽ 10 പേർ ഇന്ത്യൻ പൗരന്മാരല്ല. പാസ്പോർട്ട് തിരികെ ലഭിക്കുന്നതോടെ ഇവർക്ക് ജന്മനാടുകളിലേക്ക് മടങ്ങാം. എറണാകുളം സ്വദേശികളായ സനു ജോസ്, മിൽട്ടൻ ഡിക്കോത്ത്, കൊല്ലം സ്വദേശി വിജിത്ത് എന്നിവരാണ് തടവിലാക്കപ്പെട്ട മലയാളികൾ. കഴിഞ്ഞ ഓഗസ്റ്റിലായിരുന്നു സംഭവം. സമുദ്രാതിർത്തി ലംഘിച്ചെന്ന് ആരോപിച്ച് ഇക്വിറ്റോറിയൽ ഗിനിയയിൽവച്ചായിരുന്നു കപ്പൽ അധികൃതർ കസ്റ്റഡിയിൽ എടുത്തത്. പിന്നീട് ഇതിലെ ജീവനക്കാരെ നൈജീരിയയിൽ എത്തിച്ച് തടവിലാക്കി. കഴിഞ്ഞ മാസം 30ന് കപ്പലും ജീവനക്കാരെയും മോചിപ്പിക്കാൻ നൈജീരിയൻ കോടതി ഉത്തരവിട്ടിരുന്നു. ഇതേ തുടർന്നുള്ള നടപടികൾ പൂർത്തിയാക്കിയ ശേഷമാണ് ഇവരുടെ മോചനം സാദ്ധ്യമാകുന്നത്.

## പുളിക്കൽ പഞ്ചായത്ത് ഓഫിസിൽ സാമൂഹ്യപ്രവർത്തകന്റെ ആത്മഹത്യ: പ്രതിഷേധം ശക്തമാകുന്നു


റസാഖ് പയമ്പ്രോട്ട്

മലപ്പുറം: പുളിക്കൽ പഞ്ചായത്ത് ഓഫിസിൽ സാമൂഹ്യപ്രവർത്തകന്റെ ആത്മഹത്യയിൽ പ്രതിഷേധം ശക്തമാവുന്നു. സംഭവത്തിൽ കുറ്റക്കാരായ പഞ്ചായത്ത് ഭരണസമിതി, ഉദ്യോഗസ്ഥർ എന്നിവർക്കെതിരേ നടപടി വേണമെന്ന ആവശ്യം ശക്തം. മരണത്തിലേക്ക് നയിച്ച കാരണങ്ങളെ കുറിച്ച് സമഗ്ര അന്വേഷണം നടത്തണമെന്ന് ടി.വി ഇബ്രാഹീം എം.എൽ.എ ആവശ്യപ്പെട്ടു.ആരോഗ്യ പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാക്കുന്ന സ്വകാര്യ പ്ലാസ്റ്റിക് പ്ലാന്റിനെതിരേ നടപടി എടുക്കാത്തതിൽ പ്രതിഷേധിച്ചാണ് സി.പി.എം ഭരിക്കുന്ന മലപ്പുറം പുളിക്കൽ പഞ്ചായത്തിന്റെ ഓഫിസിലെത്തി പരാതിക്കാരനായ റസാഖ് പയമ്പ്രോട്ട് തൂങ്ങിമരിച്ചത്. പ്ലാന്റ് കാരണം പരിസര പ്രദേശങ്ങളിൽ ശ്വാസകോശ സംബന്ധമായ പല രോഗങ്ങളും പടരുന്നത് ചൂണ്ടിക്കാട്ടി പഞ്ചായത്തിനും വിവിധ വകുപ്പുകൾക്കും റസാഖ് പരാതി നൽകിയിട്ടും ഫലമുണ്ടായിരുന്നില്ല. ഈ വിഷയത്തിൽ താൻ പഞ്ചായത്തിൽ നൽകിയ പരാതികൾ കഴുത്തിൽ കെട്ടിയായിരുന്നു റസാഖ് ജീവനൊടുക്കിയത്. സി.പി.എമ്മിന്റെ സജീവ പ്രവർത്തകനായിരുന്ന റസാഖ് ഇ.എം.എസ് മന്ദിരത്തിനായി വീടും സ്ഥലവുമുൾപ്പെടെ ദാനം ചെയ്യുകയും ചെയ്തിരുന്നു. കോഴിക്കോട് ലളിതകലാ അക്കാദമിയിൽ വൈകിട്ട് നാലരയോടെ റസാഖ് പയമ്പ്രോട്ടിന്റെ മൃതദേഹം പൊതുദർശനത്തിന് വച്ചു. സാംസ്കാരിക പ്രവർത്തകർ അന്തിമോപചാരം അർപ്പിച്ചു. തുടർന്ന് മാവൂർ വൈദ്യുതശ്മശാനത്തിലായിരുന്നു സംസ്കാരം.

## റബ്ബർ ടാപ്പിങ്ങിനിടെ കാട്ടുപോത്ത് ആക്രമണം; യുവാവിന് ഗുരുതര പരുക്ക്

കോഴിക്കോട്: താമരശ്ശേരി കട്ടിപ്പാറയിൽ കാട്ടുപോത്തിന്റെ ആക്രമണത്തിൽ യുവാവിന് ഗുരുതരമായി പരുക്കേറ്റു. കട്ടിപ്പാറ അമരാട്മല അരീക്കരക്കണ്ടി ദാമോദരന്റെ മകൻ റിജേഷിനാണ് പരുക്കേറ്റത്. 35 വയസുകാരനായ റിജേഷ് ഭിന്നശേഷിക്കാരനാണ്.

സംസാരശേഷിയില്ലാത്ത ഇദ്ദേഹം രാവിലെ അച്ഛനൊപ്പം റബ്ബർ ടാപ്പിങ്ങിനായാണ് വീട്ടിൽ നിന്ന് ഇറങ്ങിയത്. രാവിലെ എട്ട് മണിയോടെ റബ്ബർ ടാപ്പിങ് ജോലി ചെയ്തുകൊണ്ടിരിക്കെയാണ് കാട്ടുപോത്ത് ആക്രമിച്ചത്. '

പരുക്കേറ്റ റിജേഷിനെ ആദ്യം താമരശ്ശേരി താലൂക്ക് ആശുപത്രിയിലേക്കാണ് കൊണ്ടുപോയത്. പ്രാഥമിക ചികിത്സയ്ക്ക് ശേഷം റിജേഷിനെ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് മാറ്റി. റിജേഷിന്റെ തലയ്ക്കും വയറിനുമാണ് പരുക്കേറ്റത്. കാട്ടുപന്നിയുടെ ആക്രമണം പതിവായ മേഖലയാണിത്. എന്നാൽ കാട്ടുപോത്തിനെ മുൻപ് ഇവിടെ കണ്ടിട്ടില്ല. എവിടെ നിന്നാണ് ഇവിടെ കാട്ടുപോത്ത് എത്തിയതെന്നാണ് ഇപ്പോൾ ജനം ചോദിക്കുന്നത്. റിജേഷിന് ശരീരത്തിന് പുറത്തേക്ക് കാര്യമായ പരുക്കില്ലെങ്കിലും ആന്തരികാവയവങ്ങൾക്ക് പരുക്കേറ്റുവെന്നാണ് ഡോക്ടർമാരുടെ പ്രാഥമിക നിഗമനം.

# സിദ്ദിഖിന്റെ കൊലപാതകം; ഹണിട്രാപ്പ് സ്ഥിരീകരിച്ചു

## ഫർഹാനയെ മുൻനിർത്തി ചതിച്ച് കൊലപ്പെടുത്തി


കൊല്ലപ്പെട്ട സിദ്ദിഖ്, പിടിയിലായ ഷിബിലിയും ഫർഹാനയും

മലപ്പുറം: തിരൂർ സ്വദേശിയായ ഹോട്ടലുടമയായ സിദ്ദിഖിനെ കൊലപ്പെടുത്തിയ സംഭവം ഹണിട്രാപ്പെന്ന് പൊലിസ്. ഫർഹാനയെ മുൻനിർത്തി ഹണിട്രാപ്പ് ഒരുക്കിയാണ് സിദ്ധിഖിനെ ഹോട്ടലിലേക്ക് എത്തിച്ചത്. മെയ് 18ന് ഹോട്ടലിലെത്തിയ സിദ്ദിഖിനെ കൊലപ്പെടുത്തുകയായിരുന്നു. സിദ്ദിഖ് പ്രതിരോധിക്കുകയാണെങ്കിൽ മർദിക്കാൻ കൈയ്യിൽ കത്തിയും ചുറ്റികയും അടക്കമുള്ള ആയുധങ്ങൾ കരുതിയിരുന്നുവെന്നും പൊലിസ് സ്ഥിരീകരിച്ചു. മുൻപ ഗൾഫിലായിരുന്ന സിദ്ദിഖും ഫർഹാനയുടെ പിതാവും ഏറെക്കാലം മുന്നേ സുഹൃത്തുക്കളാണ്. ഫർഹാനയും സിദ്ദിഖും തമ്മിൽ പരിചയപ്പെട്ടത് ഈ ബന്ധത്തിന്റെ പുറത്താണ്. പിന്നീട് ഇവർ തമ്മിലുണ്ടായ സൗഹൃദമാണ് സിദ്ദിഖിനെ ഹണി ട്രാപ്പ് കുരുക്കിൽ വീഴ്ത്തിയതും ജീവനെടുത്തതും.

ഇക്കഴിഞ്ഞ 18നാണ് സിദ്ദിഖിനെ കാണാതായത്. അന്നു തന്നെ സിദ്ദിഖിന്റെ ഫോൺ സ്വിച്ച് ഓഫ് ആവുകയും ചെയ്തു. തുടർന്ന് 22ന് മകൻ പോലിസിൽ പരാതി നൽകി. പിന്നീടുള്ള അന്വേഷണത്തിലാണ് സിദ്ദിഖിന്റെ ഹോട്ടലിൽ ജീവനക്കാരനായിരുന്ന ഷിബിലിയെയും കാണാതായ കാര്യം പോലിസ് അറിഞ്ഞത്. പെരുമാറ്റ ദൂഷ്യത്തെ തുടർന്ന് ഇയാളെ സിദ്ദിഖ് പറഞ്ഞ വിടുകയായിരുന്നുവെന്നും വ്യക്തമായി. ഇതിനു പിന്നാലെ എരഞ്ഞിപ്പാലത്തെ ഹോട്ടലിൽ സിദ്ദിഖ് മുറിയെടുത്ത വിവരവും അന്വേഷണ സംഘത്തിന് കിട്ടി. സിദ്ദിഖിനെ കാണാതായ അന്ന് മുതൽ സിദ്ദിഖിന്റെ ബാങ്ക് അക്കൗണ്ടിൽ നിന്ന് പണം പിൻവലിക്കുന്ന കാര്യം കുടുംബാംഗങ്ങൾ പൊലിസിനെ അറിയിക്കുകയും ചെയ്തു.

ഷിബിലിക്കൊപ്പം ഫർഹാനയെന്ന 18കാരി കൂടി ഉണ്ടെന്നും പോലിസിന് വ്യക്തമായി. ഇവരിലേക്ക് അന്വേഷണം നീളുന്ന ഘട്ടത്തിലാണ് ഇരുവരും സിദ്ദിഖിന്റെ കാർ ഉപേക്ഷിച്ച് കേരളം വിട്ടത്. ഇരുവരും ചെന്നൈയിലേക്ക് കടന്ന കാര്യം തിരൂർ പോലിസ് റെയിൽവേ പൊലിസിന് കൈമാറി. ഇന്നലെ വൈകിട്ട് അഞ്ചു മണിയോടെയാണ് പ്രധാന പ്രതികളായ ഷിബിലിയും ഫർഹാനയും ചെന്നൈ റെയിൽവേ പൊലിസിന്റെ പിടിയിലായത്. തുടർന്ന് ഇരുവരും നടത്തിയ വെളിപ്പെടുത്തലിലാണ് സിദ്ദിഖിനെ കൊലപ്പെടുത്തി അട്ടപ്പാടി വനമേഖലയിൽ ഉപേക്ഷിച്ചുവെന്ന കാര്യം പോലിസിന് സ്ഥിരീകരിക്കാനായതും പോലിസ് സംഭവസ്ഥലത്തെത്തി രണ്ട് ട്രോളി ബാഗുകളിലായി ഉപേക്ഷിച്ച നിലയിൽ മൃതദേഹഭാഗങ്ങൾ കണ്ടെത്തിയതും.

## സംസ്ഥാന സർക്കാരിന്റെ വായ്പാ പരിധി വെട്ടിച്ചുരുക്കിയ കേന്ദ്രസർക്കാർ നടപടിയുടെ കാരണം തേടി സംസ്ഥാന സർക്കാർ

തിരുവനന്തപുരം: സംസ്ഥാന സർക്കാരിന്റെ വായ്പാ പരിധി വെട്ടിച്ചുരുക്കിയ കേന്ദ്രസർക്കാർ നടപടിയുടെ കാരണം തേടി സംസ്ഥാന സർക്കാർ. കേന്ദ്ര സർക്കാരിന് ഇത് സംബന്ധിച്ച് കത്തയക്കും. വായ്പാ പരിധി വെട്ടിക്കുറച്ചത് എന്ത് കാരണം കൊണ്ടാണെന്ന് കേന്ദ്ര സർക്കാർ വ്യക്തമാക്കുന്നില്ല. ഇക്കാര്യത്തിൽ കൂടുതൽ വ്യക്തത തേടി മുഖ്യമന്ത്രിയോ ധനമന്ത്രി കെ.എൻ ബാലഗോപാലോ കേന്ദ്ര ധനമന്ത്രിക്ക് കത്തയക്കുമെന്നാണ് വിവരം. കക്ഷി രാഷ്ട്രീയ വ്യത്യാസമില്ലാതെ സംസ്ഥാനത്ത് വൻ പ്രതിഷേധത്തിന് മുൻകൈയ്യെടുക്കാനും സർക്കാർ ആലോചിക്കുന്നുണ്ട്.

അതേസമയം വായ്പാ പരിധി ഇനിയും ചുരുക്കുമോയെന്ന ആശങ്കയും ഉയർന്നിട്ടുണ്ട്. ഈ സാമ്പത്തിക വർഷം കേരളത്തിന് എടുക്കാവുന്ന വായ്പയാണ് കേന്ദ്ര സർക്കാർ വെട്ടിച്ചുരുക്കിയത്. 32,440 കോടി രൂപ വായ്പ പരിധി നിശ്ചയിച്ച് നൽകിയിരുന്നെങ്കിലും 15,390 കോടി രൂപക്ക് മാത്രമാണ് അനുമതിയുള്ളത്. ഈ വർഷം ഡിസംബർ വരെയുള്ള ഒമ്പത് മാസം എടുക്കാവുന്ന വായ്പ തുകക്ക് അനുമതി തേടി സംസ്ഥാന സർക്കാർ നേരത്തെ കേന്ദ്രത്തെ സമീപിച്ചിരുന്നു.

നേരത്തെ കേന്ദ്രം 32,440 കോടി രൂപ പരിധി നിശ്ചയിച്ച് നൽകിയെങ്കിലും വായ്പ എടുക്കാൻ അനുമതി നൽകിയത് 15,390 കോടി രൂപയ്ക്ക് മാത്രമാണ്. കഴിഞ്ഞ വർഷം ഇത് 23,000 കോടി രൂപയായിരുന്നു. അതായത് കഴിഞ്ഞ വർഷത്തെ കണക്ക് വച്ച് നോക്കിയാൽ വീണ്ടും 8,000 കോടി രൂപയുടെ കുറവുണ്ടായി. ക്ഷേമ പെൻഷൻ വിതരണം അടക്കമുള്ള കാര്യങ്ങൾക്ക് ഇപ്പോൾ തന്നെ ഗുരുതര പ്രതിസന്ധി നേരിടുകയാണ്. വായ്പാ പരിധി പകുതിയോളം കുറച്ചതോടെ സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക നില കൂടുതൽ പരുങ്ങലിലാകും.

## മെഡിക്കൽ സർവീസസ് കോർപറേഷന്റെ ആലപ്പുഴയിലെ ഗോഡൗണിൽ തീപിടിത്തം

ആലപ്പുഴ: കേരള മെഡിക്കൽ സർവീസസ് കോർപറേഷന്റെ ആലപ്പുഴയിലെ ഗോഡൗണിൽ തീപിടിത്തം. വണ്ടാനത്തുള്ള ഗോഡൗണിലാണ് തീപിടിത്തമുണ്ടായത്. നാട്ടുകാരും ഫയർ ഫോഴ്സും ചേർന്ന് തീ അതിവേഗം അണച്ചു. ബ്ലീച്ചിംഗ് പൗഡറിന് തീപിടിച്ച് പടർന്നുവെന്നാണ് പ്രാഥമിക വിവരം. രണ്ട് ദിവസം മുമ്പ് ഗോഡൗണിൽ ഫയർ ഓഡിറ്റിംഗ് നടത്തിയിരുന്നു. അതുകൊണ്ടാണ് തീ പെട്ടെന്ന് അണയ്ക്കാനായതെന്ന് ഗോഡൗൺ മാനേജർ പറഞ്ഞു. ഇന്ന് പുലർച്ചെ മൂന്ന് മണിയോടെയാണ് അപകടമുണ്ടായത്. തൊട്ടടുത്ത മരുന്ന് ഗോഡൗണിലേക്കും തീ പടർന്നെങ്കിലും ഓട്ടോമാറ്റിക് സംവിധാനം പ്രവർത്തിച്ചതിനാൽ തീ പെട്ടെന്ന് അണഞ്ഞു. നേരത്തെ മെഡിക്കൽ സർവീസസ് കോർപറേഷന്റെ കൊല്ലത്തെയും തിരുവനന്തപുരത്തെയും മരുന്ന് ഗോഡൗണുകൾക്ക് തീപിടിച്ചിരുന്നു.

## ഗ്രീൻ ബോണ്ട് പുറത്തിറക്കാനൊരുങ്ങി കിഫ്ബി; ലക്ഷ്യം ആയിരം കോടി സമാഹരണം

തിരുവനന്തപുരം: മസാല ബോണ്ടിന് പിന്നാലെ കിഫ്ബി ഗ്രീൻ ബോണ്ടിറക്കും. ലക്ഷ്യം 1000 കോടി സമാഹരണം. മുതലും പലിശയും വേർതിരിച്ചു വിൽക്കുന്ന എസ്.ടി.ആർ.പി.പി ബോണ്ടുകളാണ് ആഭ്യന്തര വിപണിയിൽ ഇറക്കുന്നത്.

2019ൽ മസാല ബോണ്ടിറക്കി കിഫ്ബി 2150 കോടി സമാഹരിച്ചിരുന്നു. ഇതിനെതിരേ സി.എ.ജി റിപ്പോർട്ടിൽ പരാമർശമുണ്ടായി.

കിഫ്ബിയുടെ കടം സംസ്ഥാനത്തിന്റെ വായ്പാ പരിധിയിൽ കേന്ദ്ര സർക്കാർ ഉൾപ്പെടുത്തുകയും ചെയ്തതോടെ ബോണ്ടിറക്കൽ കിഫ്ബി താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. ദേശീയപാത അതോറിറ്റിക്കു കീഴിലെ ദേശീയ പാത ഇൻഫ്ര ട്രസ്റ്റ് കഴിഞ്ഞ ഒക്ടോബറിൽ 1,500 കോടിയുടെ എസ്.ടി.ആർ.പി.പി ബോണ്ടുകൾ ഇറക്കി. ഇതോടെയാണ് കിഫ്ബിയും ഗ്രീൻ ബോണ്ടുമായി മുന്നോട്ട് പോകാൻ തീരുമാനിച്ചത്.

## ഇന്ന് സത്യപ്രതിജ്ഞ ചെയ്യുന്ന 24 മന്ത്രിമാരുടെ പട്ടിക പുറത്ത്; ലക്ഷ്മി ആർ. ഹെബ്ബാൾക്കർ ഏക വനിത



ബംഗളൂരു: കർണാടകയിൽ ഇന്ന് സത്യപ്രതിജ്ഞ ചെയ്യുന്ന 24 മന്ത്രിമാരുടെ പട്ടിക പുറത്ത്. ലക്ഷ്മി ആർ. ഹെബ്ബാൾക്കറാണ് മന്ത്രിസഭയിലെ ഏക വനിത. മന്ത്രിസഭ വികസനം സംബന്ധിച്ച് മുഖ്യമന്ത്രി സിദ്ധരാമയ്യയും ഉപമുഖ്യമന്ത്രി ഡി.കെ ശിവകുമാറും ഡൽഹിയിൽ കോൺഗ്രസ് ഹൈക്കമാൻഡുമായി നടത്തിയ ചർച്ചയിലാണ് പുതിയ മന്ത്രിമാരുടെ പട്ടിക തയാറാക്കിയത്.

എച്ച്.കെ പാട്ടീൽ, കൃഷ്ണ ബൈരോഗൗഡ, എൻ. ചെലുവരയസ്വാമി, കെ. വെങ്കടേഷ്, ഡോ. എച്ച്.സി മഹാദേവപ്പ, ഈശ്വർ കാന്തരെ, കാതസാന്ദ്ര എൻ. രാജണ്ണ, ദിനേശ് ഗുണ്ടുറാവു, ശരണബാസപ്പ ദർശനപൂർ, ശിവാന്ദ് പാട്ടീൽ, തിമ്മാപൂർ രാമപ്പ ബലപ്പ, എസ്.എസ് മല്ലികാർജുൻ, തങ്കടാഗി ശിവരാജ് ശങ്കപ്പ, ഡോ. ശരണപ്രകാശ് രുദ്രപ്പ പാട്ടീൽ, മംഗൽ വൈദ്യ, ലക്ഷ്മി ആർ. ഹെബ്ബാൾക്കർ, റഹിം ഖാൻ, ഡി. സുധാകർ, സന്തോഷ് എസ്. ലാഡ്, എൻ.എസ് ബോസ് രാജു, സുരേഷ ബി.എസ്, മധു ബംഗാരപ്പ, ഡോ. എം.സി സുധാകർ, ബി. നാഗേന്ദ്ര എന്നിവരാണ് പുതിയ മന്ത്രിമാർ.മന്ത്രിസ്ഥാനത്തിന് സമ്മർദവുമായി 20 ഓളം എം.എൽ.എമാരും ഡൽഹിയിലെത്തിയിരുന്നു. 34 മന്ത്രിസ്ഥാനങ്ങളുള്ള മന്ത്രിസഭയിൽ മുഖ്യമന്ത്രിക്കും ഉപമുഖ്യമന്ത്രിക്കുമൊപ്പം എട്ടു മന്ത്രിമാർ 20ന് സത്യപ്രതിജ്ഞ ചെയ്തിരുന്നു. മുസ്ലിം പ്രാതിനിധ്യമായി റഹിം ഖാനും പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്.

## അമേരിക്കയിൽ ദീപാവലി ദേശീയ അവധി ദിനമായി പ്രഖ്യാപിക്കണം; യു.എസ് കോൺഗ്രസിൽ ബിൽ അവതരിപ്പിച്ചു



ന്യൂയോർക്ക്: അമേരിക്കയിൽ ദീപാവലി ദിവസം ദേശീയ അവധി ദിനമായി പ്രഖ്യാപിക്കണമെന്നാവശ്യപ്പെട്ട് ബിൽ. യു.എസ് കോൺഗ്രസിലാണ് ഇത് സംബന്ധിച്ചുള്ള ബിൽ അവതരിപ്പിക്കപ്പെട്ടത്. ഗ്രേസ് ഡ് മെങ് ആണ് ബിൽ അവതരിപ്പിച്ചത്.

ബിൽ യു.എസ് കോൺഗ്രസ് പാസാക്കി അമേരിക്കൻ പ്രസിഡന്റ് ഒപ്പിട്ടാൽ അമേരിക്കയിലെ 12ാമത്തെ ഔദ്യോഗിക അവധി ദിനമായി ദീപാവലി മാറും. രാജ്യത്തിന്റെ വൈവിധ്യമാർന്ന സാംസ്കാരിക ഘടനയെ സർക്കാർ വിലമതിക്കുന്നുണ്ട് എന്നതിന് തെളിവാണ് ഈ നീക്കമെന്നും അവർ പറഞ്ഞു.

എല്ലാ അമേരിക്കക്കാരേയും ഈ ദിനത്തിന്റെ പ്രാധാന്യത്തെകുറിച്ച് ബോധവാന്മാരാക്കാൻ ഇത് സഹായിക്കുമെന്നും അവർ കൂട്ടിച്ചേർത്തു. ബില്ലിനെ സ്വാഗതം ചെയ്യുന്നുവെന്ന് ന്യൂയോർക്ക് അസംബ്ലി വുമൺ ജെനിഫർ രാജ്കുമാർ പറഞ്ഞു. അമേരിക്കൻ സംസ്ഥാനമായ പെൻസിൽവാനിയ ദീപാവലി അവധി ദിനമായി പ്രഖ്യാപിച്ചിട്ടുണ്ട്.

## ചരിത്രം കുറിച്ച് നാവികസേന; മിഗ്–29 കെ, ഐ.എൻ.എസ് വിക്രാന്തിൽ രാത്രി ലാൻഡിങ് നടത്തി

മുംബൈ: ചരിത്രമെഴുതി ഇന്ത്യൻ നാവികസേന. മിഗ് 29 കെ യുദ്ധവിമാനം ഇന്ത്യ തദ്ദേശീയമായി നിർമിച്ച ആദ്യ വിമാനവാഹിനി യുദ്ധക്കപ്പലായ ഐ.എൻ.എസ് വിക്രാന്തിൽ രാത്രി വിജയകരമായി പറന്നിറങ്ങി. ഏറെ വെല്ലുവിളികൾ നിറഞ്ഞ രാത്രി ലാൻഡിങ് പരീക്ഷണം വിജയമായതോടെ നിർണായക ഘട്ടമാണ് വിക്രാന്ത് പിന്നിട്ടത്. ചരിത്രപരമായ നാഴികക്കല്ല് എന്നാണ് വിമാനത്തിന്റെ രാത്രി ലാൻഡിങ്ങിനെ നാവികസേന വിശേഷിപ്പിച്ചത്.

ആകാശവും സമുദ്രവും ഒരുപോലെ തോന്നിക്കുന്ന രാത്രികാലത്ത് വിമാനങ്ങൾ കപ്പലിൽ ലാൻഡിങ് നടത്തുന്നത് ബുദ്ധിമുട്ടേറിയതാണ്. ബുധനാഴ്ച രാത്രിയാണ് മിഗ് വിമാനം വിക്രാന്തിന്റെ ഫ്‌ളൈറ്റ് ഡക്കിൽ വിജയകരമായി പറന്നിറങ്ങിയത്.



മിഗ്–29 കെ യുദ്ധവിമാനം, ഐ.എൻ.എസ് വിക്രാന്തിൽ രാത്രി ലാൻഡിങ് നടത്തിയപ്പോൾ

വിക്രാന്ത് അറേബ്യൻ കടലിലൂടെ സഞ്ചരിക്കുന്നതിനിടെയായിരുന്നു ലാൻഡിങ്. വിക്രാന്തിൽ രാത്രി ലാൻഡിങ് വിജയകരമായത് നാവിക പൈലറ്റുമാരുടെയും വിക്രാന്തിലെ ജീവനക്കാരുടെയും കഴിവും മികവും തെളിയിച്ചതായി നേവി അഭിപ്രായപ്പെട്ടു.ഫെബ്രുവരിയിൽ മിഗ് 29 കെയും തദ്ദേശീയമായി വികസിപ്പിച്ച ലൈറ്റ് കോംബാറ്റ് എയർക്രാഫ്റ്റ് തേജസ് ജെറ്റുകളുടെ നേവൽ വേരിയന്റിന്റെ പ്രോട്ടോടൈപ്പും വിക്രാന്തിൽ പകൽ ലാൻഡിങ് നടത്തിയിരുന്നു.

കഴിഞ്ഞ സെപ്റ്റംബറിലാണ് പ്രധാനമന്ത്രി നരേന്ദ്രമോദി ഐ.എൻ.എസ് വിക്രാന്ത് രാജ്യത്തിന് സമർപ്പിച്ചത്. അതിനുശേഷം വിവിധ പരീക്ഷണങ്ങളിലൂടെ വിജയകരമായ രീതിയിലാണ് വിക്രാന്തിന്റെ മുന്നേറ്റം. 23,000 കോടി രൂപ ചെലവിൽ നിർമിച്ച ഐ.എൻ.എസ് വിക്രാന്തിന് അത്യാധുനിക വ്യോമ പ്രതിരോധ ശൃംഖലയും കപ്പൽ വേധ മിസൈൽ സംവിധാനവുമുണ്ട്. 30 യുദ്ധവിമാനങ്ങളും ഹെലികോപ്റ്ററുകളും ഉൾക്കൊള്ളാനുള്ള ശേഷിയും വിക്രാന്തിനുണ്ട്.

# പുതിയ സെൻസസിൽ അംഗീകരിക്കുന്നത് ആറ് മതങ്ങളെ മാത്രം




ന്യൂഡൽഹി: നിങ്ങൾ കുടിക്കാൻ വെള്ളം എടുക്കുന്നത് എവിടെ നിന്ന്? പുതിയ സെൻസസിൽ ഉൾപ്പെടുത്തിയിരിക്കുന്ന ചോദ്യങ്ങളിലൊന്നാണിത്. 2021ൽ നടക്കേണ്ട സെൻസസ് കൊറോണ മൂലം മുടങ്ങിയിരുന്നു. 2011–ലാണ് ഇന്ത്യയിൽ അവസാനമായി സെൻസസ് നടന്നത്. രണ്ടാം ലോകമഹായുദ്ധ കാലത്തുപോലും തടസ്സപ്പെടാത്ത ജനസംഖ്യാ കണക്കെടുപ്പാണ് കൊവിഡ് കാലത്ത് തടസ്സപ്പെട്ടത്. പത്ത് വർഷത്തിലൊരിക്കൽ നടക്കേണ്ട സെൻസസ് ചരിത്രത്തിൽ ആദ്യമായാണ് തടസ്സപ്പെട്ടത്.നിരവധി മതങ്ങളുള്ള ഇന്ത്യയിൽ പുതിയ സെൻസസിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ആറ് മതങ്ങളെ മാത്രം. ഹിന്ദു, മുസ്‌ലിം, ക്രിസ്ത്യൻ, ബുദ്ധ, സിഖ്, ജൈനമതം എന്നീ മതങ്ങളെ മാത്രമാണ് പരിഗണിച്ചിരിക്കുന്നത്.

നിരവധി സമുദായങ്ങളിൽ നിന്ന് തങ്ങളുടെ ജീവിതരീതി ഒരു മതമായി അംഗീകരിക്കണമെന്ന ആവശ്യമുയരുന്ന ഘട്ടത്തിലാണ് മറ്റു മതങ്ങളെ പരിഗണിക്കാതെയുള്ള പുതിയ സെൻസസ്. ഝാർഖണ്ഡ്, ഛത്തീസ്ഗഡ്, ഒഡീഷ എന്നിവിടങ്ങളിലെ പ്രകൃതിയെ ആരാധിക്കുന്ന ആദിവാസികളുടെ ദീർഘനാളായുള്ള ആവശ്യമാണ് 'സർന' വിശ്വാസത്തെ പ്രത്യേക മതമായി പരിഗണിക്കണമെന്നത്. സമാനമായ ആവശ്യമുന്നയിച്ച് കർണാടകയിലെ ലിംഗായത്ത് സമുദായവും രംഗത്തെത്തിയിരുന്നു.2011ലെ സെൻസസ് സമയത്ത് ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് മതത്തിനായി വിശദമായ കോഡുകൾ രൂപകൽപ്പന ചെയ്തത്. പിന്നീട് നടന്ന ചർച്ചയ്ക്ക് ശേഷം ആറ് മതങ്ങളെ മാത്രം ജനസംഖ്യാ കണക്കെടുപ്പിൽ ഉൾപ്പെടുത്തുകയായിരുന്നു. ആഭ്യന്തരമന്ത്രി അമിത്ഷാ പുറത്തിറക്കിയ '1981 മുതലുള്ള ഇന്ത്യൻ സെൻസസിനെക്കുറിച്ചുള്ള പ്രബന്ധം' എന്ന റിപ്പോർട്ടിലാണ് ഇക്കാര്യം വ്യക്തമാക്കിയിട്ടുള്ളത്. മെയ് 22 ന് ഡൽഹിയിലെ പുതിയ സെൻസസ് കെട്ടിടത്തിന്റെ ഉദ്ഘാടന വേളയിലായിരുന്നു പ്രബന്ധം പുറത്തിറക്കിയത്.

ജോലിസ്ഥലത്തേക്കുള്ള യാത്രയെക്കുറിച്ചും അടുത്ത സെൻസസിൽ ചോദ്യങ്ങളുണ്ടാകും. യാത്രാ രീതിയെക്കുറിച്ചും മെട്രോ ഉപയോഗിക്കാറുണ്ടോ എന്നതടക്കമുള്ള കാര്യങ്ങളും ചോദ്യങ്ങളായി വരും. വാടക വീട്ടിൽ താമസിക്കുന്നവരാണെങ്കിൽ മറ്റെവിടെയെങ്കിലും വീടുണ്ടോ എന്ന ചോദ്യത്തിനും ഉത്തരം നൽകണം. പുതുതായി ഉൾപ്പെടുത്തിയിട്ടുള്ള ചോദ്യം കുടിവെള്ളത്തെക്കുറിച്ചാണ്. കുടിക്കാൻ വെള്ളം എടുക്കുന്നത് എവിടെ നിന്നാണെന്നുവരെ ഉത്തരം നൽകണം.

പരിസരത്തിന് സമീപം, നഗരപ്രദേശങ്ങളിൽ 100 മീറ്ററിനുള്ളിൽ, ഗ്രാമപ്രദേശങ്ങളിൽ 500 മീറ്ററിനുള്ളിൽ തുടങ്ങിയ ഓപ്ഷനുകളാണ് ഈ ചോദ്യത്തിന് നൽകിയിരിക്കുന്നത്. അതേസമയം കുടിയേറ്റത്തിനുള്ള കാരണമായി പുതുതായി ഉൾപ്പെടുത്തിയിരിക്കുന്ന ഓപ്ഷനുകളിലൊന്നാണ് 'പ്രകൃതി ദുരന്തം'. നേരത്തെ ഉണ്ടായിരുന്ന വിദ്യാഭ്യാസം, ജോലി, വിവാഹം എന്നീ ഓപ്ഷനുകൾക്ക് പുറമെയാണ് പ്രകൃതി ദുരന്തം എന്ന ഓപ്ഷൻ കൂടി ഉൾപ്പെടുത്തിയിരിക്കുന്നത്.

## മുഖ്യമന്ത്രി അഴിമതി വച്ചുപൊറിപ്പിക്കില്ലന്ന് പറയുന്നത് അമ്പരിപ്പിക്കുന്നത്: കെ.കെ രമ



കോഴിക്കോട്: പ്രളയഫണ്ട് തട്ടിച്ച സ്വന്തം പാർട്ടിക്കാരെ ഓർത്ത് നാണക്കേടുണ്ടാകാത്ത മുഖ്യമന്ത്രി അഴിമതി വച്ചുപൊറിപ്പിക്കില്ലെന്ന് പറയുന്നത് അമ്പരിപ്പിക്കുന്നതാണെന്ന് ആർ.എം.പി നേതാവ് കെ.കെ രമ. കഴിഞ്ഞ ദിവസം പോസ്റ്റ് ചെയ്ത ഫേസ്ബുക്ക് പോസ്റ്റിലൂടെയാണ് രമ ഇക്കാര്യം വ്യക്തമാക്കിയത്.ആനയെ കട്ടവനെയോർത്ത് മുഖ്യമന്ത്രിക്ക് നാണമില്ല. ചേനകട്ടവനെയോർത്താണ് നാണക്കേടെന്നും കെ.കെ രമ പരിഹസിച്ചു. ഓഖി ഫണ്ട് തട്ടിപ്പ്, സ്പ്രിംഗ്ളർ ഇടപാടിലെ അഴിമതി, ലൈഫ് മിഷൻ, കൊറോണയുടെ മറവിൽ മാസ്കിലും മരുന്നിലും പി.പി കിറ്റുകളിൽ പോലും നടന്ന തട്ടിപ്പുകൾ, എ.ഐ ക്യാമറ ഇടപാട് അഴിമതി, ഇങ്ങനെ അനേക കോടികളുടെ അഴിമതിയുടെ നിഴലിൽ നിൽക്കുന്ന ഒരു ഗവൺമെന്റിനെ നയിക്കുന്ന മുഖ്യമന്ത്രി അഴിമതിക്കാർക്കെതിരേ നിലപാടെടുക്കും എന്ന് പറയുന്നത് വെറും ഗീർവ്വാണ പ്രസംഗംമാത്ര മാണെന്നും കെ.കെ രമ കൂട്ടിച്ചേർത്തു.

## സംരംഭകരുടെ പരാതികളിൽ നടപടിയുണ്ടായില്ലെങ്കിൽ ഉദ്യോഗസ്ഥരിൽ നിന്ന് പിഴ ഈടാക്കും: പി.രാജീവ്

തിരുവനന്തപുരം : സംരംഭകരിൽ നിന്ന് പരാതി ലഭിച്ചാൽ 30 ദിവസത്തിനുള്ളിൽ പരിഹാരം ഉറപ്പുവരുത്തണമെന്ന് മന്ത്രി പി.രാജീവ് പരിഹാരം നിർദേശിച്ച് 15 ദിവസത്തിനകം നടപടിയുണ്ടായില്ലെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്ന് പിഴ ഈടാക്കും. ഒരു ദിവസത്തിന് 250 രൂപ എന്ന നിലയിലാണ് പിഴ. പരമാവധി 10,000 രൂപ വരെ ഇത്തരത്തിൽ പിഴ ഈടാക്കാനാകുമെന്ന് മന്ത്രി അറിയിച്ചു.പരാതി പരിഹരിക്കുന്നതിൽ വീഴ്ച വരുത്തിയാൽ ഉദ്യോഗസ്ഥനിൽ നിന്ന് പിഴ ഈടാക്കുന്ന സംവിധാനം ആദ്യമായി നടപ്പിലാക്കിയ സംസ്ഥാനം കേരളമാണെന്നും മന്ത്രി കൂട്ടിചേർത്തു. സംരംഭകർക്ക് ആത്മവിശ്വാസം നൽകുന്നതിനും സർക്കാരിലുള്ള വിശ്വാസം വർധിപ്പിക്കുന്നതിനും സംവിധാനം ഉപകാരപ്പെടും. സംരംഭക സൗഹൃദ കേരളമെന്ന സർക്കാർ നയം നൂറുശതമാനം നടപ്പിലാക്കുന്നതിന് പരാതി പരിഹാര സംവിധാനം സഹായകമാകുമെന്നും മന്ത്രി അഭിപ്രായപ്പെട്ടു.




കെ.എസ്.ഇ.എസ്.ടി.എയുടെ സഹകരണത്തോടെ എൻ.ഐ.ടി കാലിക്കറ്റ്, ഇലക്ട്രോണിക് സാങ്കേതിക വിദഗ്ധർക്കായി സംഘടിപ്പിച്ച ആധുനിക വൈദ്യുത വാഹനങ്ങളെക്കുറിച്ചുള്ള നൈപുണ്യ വികസന പരിശീലന പരിപാടിയിൽ നിന്ന്

## എൻ.ഐ.ടിയിൽ ആധുനിക ഇലക്ട്രിക് വാഹനങ്ങളെക്കുറിച്ചുള്ള നൈപുണ്യ വികസന പരിപാടി സംഘടിപ്പിച്ചു

കോഴിക്കോട്: കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് സർവീസ് ടെക്നീഷ്യൻസ് അസോസിയേഷന്റെ (കെ.എസ്.ഇ.എസ്.ടി.എ) സഹകരണത്തോടെ എൻ.ഐ.ടി കാലിക്കറ്റ്, സംസ്ഥാനത്തെമ്പാടുമുള്ള ഇലക്ട്രോണിക് സാങ്കേതിക വിദഗ്ധർക്കായി ആധുനിക വൈദ്യുത വാഹനങ്ങളെക്കുറിച്ചുള്ള നൈപുണ്യ വികസന പരിശീലന പരിപാടി (എം.ഇ.വി 2023) നടത്തി. ആധുനിക വൈദ്യുത വാഹനങ്ങളുടെ അറ്റകുറ്റപ്പണി, രൂപകൽപന, നവീകരണം എന്നിവയിൽ ആവശ്യമായ അറിവും പ്രായോഗിക വൈദഗ്ധ്യവും ഉള്ള സാങ്കേതികവിദഗ്ധരെ സജ്ജരാക്കുക എന്നതാണ് പരിപാടി ലക്ഷ്യമിടുന്നത്. എൻ.ഐ.ടി കാലിക്കറ്റിന്റെ ഡയരക്ടർ പ്രൊഫ. പ്രസാദ് കൃഷ്ണ പരിപാടി ഉദ്ഘാടനം ചെയ്തു. ഈ സംരംഭം കാലഘട്ടത്തിന്റെ ആവശ്യമാണെന്നും ഇത്തരത്തിലുള്ള ശിൽപശാലകൾ സാങ്കേതിക വൈദഗ്ധ്യമുള്ള ആളുകളുടെ ലഭ്യത വർദ്ധിപ്പിക്കുമെന്നും അദ്ദേഹം പറഞ്ഞു. വൈദ്യുത വാഹന മേഖലയിൽ നൂതനമായ നവീകരണം നടത്തുന്നതിനുള്ള സ്ഥാപനത്തിന്റെ പ്രതിബദ്ധത അദ്ദേഹം ഊന്നി പറഞ്ഞു. ഉദ്ഘാടന ചടങ്ങിനെ ഇലക്ട്രിക്കൽ എൻജിനീയറിംഗ് വിഭാഗം മേധാവി പ്രൊഫ. പ്രീത.പി അഭിസംബോധന ചെയ്തു.

വൈദ്യുത വാഹനങ്ങളുടെ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് ആവശ്യമായ വൈദഗ്ധ്യം പ്രദാനം ചെയ്തു ശാക്തീകരിക്കുന്നതിനാണ് നൈപുണ്യ വികസന പരിശീലന പരിപാടി സജ്ജീകരിച്ചിരിക്കുന്നത്. പ്രതിമാസം നടത്താൻ ആസൂത്രണം ചെയ്തിരിക്കുന്ന പരിശീലന പരിപാടി, തുടർച്ചയായി വികസിച്ചുകൊണ്ടിരിക്കുന്ന ഇലക്ട്രിക് വാഹനങ്ങളുടെ മേഖല പര്യവേക്ഷണം ചെയ്യാൻ താൽപ്പര്യമുള്ള വ്യക്തികൾക്ക് അവസരങ്ങൾ പ്രദാനം ചെയ്യുന്നു. മൂന്ന് ദിവസം നീണ്ടുനിന്ന പരിശീലന പരിപാടി, ഇലക്ട്രിക് വാഹന സാങ്കേതികവിദ്യയുടെ വിവിധ വശങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. ഇലക്ട്രിക് വാഹനങ്ങളുടെയും അനുബന്ധ സാങ്കേതിക വിദ്യകളുടെയും മേഖലയിലെ വിദഗ്ധരായ പ്രൊഫ. ജഗദാനന്ദ്.ജി, ഡോ. നിഖിൽ ശശിധരൻ, ഡോ. ശ്രീലക്ഷ്മി എം.പി, നിതിൻ.ടി എന്നിവർ സെഷനുകൾ കൈകാര്യം ചെയ്തു.

കോഴിക്കോട് എൻ.ഐ.ടിയിലെ ഗവേഷകരായ കണ്ണൻ എസ്.എ, അഖിൽ രാജ്, രഞ്ജിത്ത്.ജി എന്നിവർ ചേർന്ന് വികസിപ്പിച്ച ഇലക്ട്രിക് വാഹനത്തിന്റെ പ്രോട്ടോടൈപ്പ് വിവിധ ഭാഗങ്ങളെക്കുറിച്ചുള്ള വ്യക്തമായ ധാരണയ്ക്കായി പ്രദർശിപ്പിച്ചു. ബാറ്ററി ചാർജറുകളുടെ രൂപകൽപ്പനയും തകരാറുകൾ കണ്ടുപിടിക്കാനുള്ള കഴിവുകളും മെച്ചപ്പെടുത്തുന്നതിനായി ഒരു പ്രായോഗിക പരിശീലനം നടത്തി. പരിപാടിയുടെ അവസാന ദിവസം ഡീബഗ്ഗിംഗ് മത്സരവും മേഖലയിലെ മുന്നേറ്റങ്ങൾ കാണിക്കുന്ന ഇലക്ട്രിക് വാഹന ഡ്രൈവുകളുടെ പ്രദർശനവും ഉണ്ടായിരുന്നു. പരിപാടിയിൽ പങ്കെടുത്തവർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തുകൊണ്ട് പരിശീലന പരിപാടി സമാപിച്ചു.

## ഐ ഫോൺ വെള്ളത്തിൽ വീണു, തിരിച്ചെടുക്കാൻ 21 ലക്ഷം ലിറ്ററിന്റെ ജലസംഭരണി വറ്റിച്ചു; ഗവ. ഉദ്യോഗസ്ഥന് സസ്പെൻഷൻ

ഛത്തീസ്ഗഡ്: ഐ ഫോൺ ജലസംഭരിയിൽ വീണതിനെ തുടർന്ന് തിരിച്ചെടുക്കാനായി ജലസംഭരണി വറ്റിച്ച ഗവ. ഉദ്യോഗസ്ഥന് സസ്പെൻഷൻ. ഫോൺ തിരിച്ചെടുക്കാനായി 21 ലക്ഷം ലിറ്റർ വെള്ളമുള്ള ജലസംഭരണിയാണ് ഉദ്യോഗസ്ഥൻ വറ്റിച്ചത്. ഛത്തീസ്ഗഡിലെ കാങ്കർ ജില്ലയിലെ കൊയിലിബെഡ ബ്ലോക്കിലെ ഉദ്യോഗസ്ഥനായ രാജേഷ് വിശ്വാസിനെയാണ് സസ്പെൻഡ് ചെയ്തത്. രാജേഷിന്റെ ഒരു ലക്ഷത്തോളം വിലയുള്ള മൊബൈൽ ഫോൺ ജലസംഭരണിയിൽ വീണിരുന്നു. ഇതിന് പിന്നാലെയാണ് ഉദ്യോഗസ്ഥൻ വാട്ടർ ടാങ്കിലെ വെള്ളം വറ്റിച്ചത്.അവധിക്കാലം ആഘോഷിക്കാൻ രാജേഷ് വിശ്വാസ് ഖേർകട്ട അണക്കെട്ട് പരിസരത്ത് എത്തിയപ്പോഴായിരുന്നു സംഭവം.

ഇതിനിടെയാണ് ഒരു ലക്ഷം രൂപ വിലയുള്ള സ്മാർട്ട്ഫോൺ വെള്ളത്തിൽ വീണത്. സംഭവമറിഞ്ഞെത്തിയ പ്രദേശ വാസികൾ ഫോണിനായി വെള്ളത്തിൽ തിരച്ചിൽ നടത്തി. എന്നാൽ ഫോൺ കണ്ടെത്താനായില്ല. തുടർന്ന് ഉപയോഗശൂന്യമെന്ന് കാണിച്ച് വെള്ളം വറ്റിക്കാൻ പ്രാദേശിക ഡിവിഷനൽ ഓഫിസറിൽ നിന്നും വാക്കാൽ അനുമതി വാങ്ങിയതിന് ശേഷമായിരുന്നു ഉദ്യോഗസ്ഥന്റെ നടപടി.മൂന്നുദിവസം കൊണ്ടാണ് 21 ലക്ഷം ലിറ്റർ വെള്ളം ഒഴുക്കി കളഞ്ഞത്. ഗ്രാമത്തിലെ 1,500 ഏക്കർ കൃഷിയിടം നനയ്ക്കാനുള്ള വെള്ളമായിരുന്നു ഇത്. സംഭവം അറിഞ്ഞ ചിലർ കലക്ടർക്ക് പരാതി നൽകിതോടെയാണ് ഉദ്യോഗസ്ഥനെതിരേ നടപടിയെടുത്തത്. അഞ്ചടി വരെ വെള്ളം വറ്റിക്കാനാണ് ഉദ്യോഗസ്ഥൻ വാക്കാൽ അനുമതി നൽകിയത്. എന്നാൽ ഫോൺ കിട്ടാഞ്ഞതോടെ രാജേഷ് 21 ലക്ഷം ലിറ്റർ പുറത്തേക്ക് ഒഴുക്കുകയായിരുന്നുവെന്ന് ജലവകുപ്പ് ഉദ്യോഗസ്ഥൻ വ്യക്തമാക്കി. പദവി ദുരുപയോഗം ചെയ്യുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽനിന്ന് രേഖാമൂലം അനുമതി വാങ്ങാത്തതിനും ജില്ലാ കലക്ടർ രാജേഷിനെ സസ്പെൻഡ് ചെയ്യുകയായിരുന്നു. രാജേഷ് തനിക്കൊപ്പമുണ്ടായിരുന്ന സുഹൃത്തുക്കൾക്കൊപ്പം സെൽഫിയെടുക്കുന്നതിനിടെയാണ് ഫോൺ വെള്ളത്തിൽ വീണതെന്നാണ് റിപ്പോർട്ടുകൾ. ഔദ്യോഗിക വിവരങ്ങൾ അടങ്ങുന്ന ഫോൺ ആയതിനാലാണ് വെള്ളം വറ്റിച്ചതെന്നാണ് രാജേഷ് നൽകുന്ന വിശദീകരണം. അതേസമയം വെള്ളം വറ്റിച്ചതോടെ മൊബൈൽ ഫോൺ തിരികെ ലഭിച്ചെങ്കിലും മൂന്നുദിവസം വെള്ളത്തിൽ കിടന്നതിനാൽ ഉപയോഗശൂന്യമായ നിലയിലാണ്.



ഐ ഫോൺ ജലസംഭരണിയിൽ വീണതിനെ തുടർന്ന് തിരിച്ചെടുക്കാനായി ജലസംഭരണി വറ്റിക്കുന്നതിന്റെ ദൃശ്യം

## ദർശനം ഗ്രന്ഥശാലയുടെ ബാലവേദിയിലെ കുട്ടികൾക്കായി ചിത്ര–ശിൽപ്പ രചന ക്യാംപ് ആരംഭിച്ചു

കോഴിക്കോട്: ദേവഗിരി സെന്റ് ജോസഫ്സ് കോളേജ് അനിമേഷൻ ആന്റ് ഗ്രാഫിക് ഡിസൈൻ വകുപ്പിന്റെ സഹകരണത്തോടെ ദർശനം ഗ്രന്ഥശാലയുടെ ബാലവേദിയിലെ കുട്ടികൾക്കായി ചിത്രശിൽപ്പ ക്യാമ്പ് സംഘടിപ്പിച്ചു. അസിസ്റ്റന്റ് പ്രൊഫസർ റോണി ദേവസ്യ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ദർശനം ഗ്രന്ഥശാല ബാലവേദി പ്രസിഡന്റ് നിവേദ് കൃഷ്ണ, സെക്രട്ടറി ആദില മുഷാദ്, ദേവഗിരി കോളേജ് ഗ്രാഫിക് ഡിസൈനിലെ ലെവിൻ പുത്തൂരാൻ, അവന്തിക സുഭാഷ്, ബാലവേദി മെന്റർ പി. തങ്കം , ദർശനം ലൈബ്രേറിയൻ വി. ജുലൈന അർഷാദ്, വനിതാവേദി പ്രവർത്തകരായ എം.എൻ രാജേശ്വരി, പി.കെ ശാലിനി എന്നിവർ നേതൃത്വം നൽകി. നാളെ തൃശൂർ സൂവോളജിക്കൽ പാർക്കിലേക്കുള്ള പഠന യാത്രയോടെ ക്യാംപ് സമാപിക്കും.



ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തിയതിനെ തുടർന്ന് അപകട മരണം സംഭവിച്ച കതിരൂർ സർവീസ് സഹകരണ ബാങ്കിലെ അംഗങ്ങളുടെ ആശ്രിതർക്കുള്ള ധനസഹായ വിതരണം കെ.പി മോഹനൻ എം.എൽ.എ നിർവഹിക്കുന്നു

# കതിരൂർ സർവീസ് സഹകരണ ബാങ്കിൽ അപകട ഇൻഷുറൻസ് പദ്ധതി തുടങ്ങി

തലശ്ശേരി: കതിരൂർ സർവീസ് സഹകരണ ബാങ്കിലെ 29000ൽപരം എ ക്ലാസ് അംഗങ്ങൾക്ക് ബാങ്ക് ഇൻഷുറൻസ് പരിരക്ഷ നൽകുന്ന പദ്ധതിക്ക് തുടക്കമായി. ബാങ്കിന്റെ പൊതുനന്മ ഫണ്ടിൽനിന്നുമാണ് ഇൻഷുറൻസ് പ്രീമിയം അടച്ചിരിക്കുന്നത്. ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തിയതിനെ തുടർന്ന് അപകട മരണം സംഭവിച്ച അംഗങ്ങളുടെ ആശ്രിതർക്കുള്ള ധനസഹായ വിതരണം കെ.പി മോഹനൻ എം.എൽ.എ നിർവഹിച്ചു. ബാങ്ക് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ പ്രസിഡന്റ് ശ്രീജിത്ത് ചോയൻ അധ്യക്ഷത വഹിച്ചു. സെക്രട്ടറി പി.എം ഹേമലത, ആർ.ഹരികൃഷ്ണൻ, കെ.വി ശോസ്ന, കെ.ജയദേവൻ, കെ.ഷൈബ, പി. സുരേഷ്ബാബു സംസാരിച്ചു. ബാങ്ക് പരിധിയിലെ സ്കൂൾ വിദ്യാർഥികൾക്കുള്ള പഠനോപകരണങ്ങളുടെ വിതരണവും കെ.പി മോഹനൻ എം.എൽ.എ നിർവഹിച്ചു.

# നാദാപുരം ഗ്രാമപഞ്ചായത്ത് വിരൽത്തുമ്പിലേക്ക്; ഡ്രോൺ സർവേക്ക് തുടക്കമായി

നനാദാപുരം: ഗ്രാമപഞ്ചായത്ത് സമഗ്രവികസന പദ്ധതി ആസൂത്രണത്തിനും പൊതു ആസ്ഥി സംരക്ഷണത്തിനും ഭൂവിനിയോഗ സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുന്നതിനും ഡിജിറ്റൽ സർവേ നടത്തുന്നതിന്റെ ഭാഗമായുള്ള ഡ്രോൺ സർവേക്ക് തുടക്കമായി. സമഗ്ര വികസന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് ഏറെ ഫലപ്രദമായ ശാസ്ത്രീയ സംവിധാനമാണ് സ്പെഷ്യൽ ഡാറ്റാ കലക്ഷൻ. ജി.ഐ.എസ് മാപ്പിംഗ് വഴിയുള്ള ഡാറ്റാ കലക്ഷൻ പൂർത്തിയാക്കുന്നതോടെ നാദാപുരം ഗ്രാമപഞ്ചായത്തിലെ കെട്ടിടങ്ങൾ, റോഡുകൾ, തോടുകൾ, കൃഷിഭൂമി, തരിശുഭൂമി, തുടങ്ങിയ എല്ലാ സ്ഥലപരമായ വിവരങ്ങളും ശേഖരിച്ച് ഡിജിറ്റലൈസ് ചെയ്യുന്നതാണ്.പദ്ധതി ആസൂത്രണം, അടിസ്ഥാന സൗകര്യ വികസനം, പദ്ധതി നിർവഹണം, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം തുടങ്ങിയവക്കെല്ലാം പ്രസ്തുത വിവരങ്ങൾ ഉപകാരപ്രദമാകുന്നതാണ്. കൃത്യതയാർന്നതും ഉയർന്ന ഗുണനിലവാരമുള്ളതും ശാസ്ത്രീയവുമായാണ് ജി.ഐ.എസ് മാപ്പിലൂടെ വിവരങ്ങൾ ശേഖരിക്കുന്നത്. കൂടാതെ പഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളുടെ വിവരശേഖരണവും നടത്തി ഓരോ കുടുംബത്തെ കുറിച്ചുള്ള വ്യക്തമായ ദിശാസൂചികകളും അടിസ്ഥാന വിവരങ്ങളും പദ്ധതിയുടെ ഭാഗമായി ശേഖരിക്കുന്നുണ്ട്.



നാദാപുരം പഞ്ചായത്തിലെ ഡ്രോൺ സർവേ പ്രവർത്തനോദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് വി.വി മുഹമ്മദലി നാദാപുരം സർക്കാർ യു.പി സ്കൂളിൽ വച്ച് നിർവഹിച്ചപ്പോൾ

ഉരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയുടെ സാങ്കേതിക വിഭാഗമായ യു.എൽ.ടി.എസ് (ഊരാളുങ്കൽ ടെക്നോളജി സൊല്യൂഷൻ )ആണ് പദ്ധതി നിർവഹണം നടത്തുന്നത്. 15 ലക്ഷം രൂപയുടെ പദ്ധതിക്കാണ് ജില്ലാ ആസൂത്രണ സമിതിൽ നിന്ന് അംഗീകാരം ലഭിച്ചത്. പഞ്ചായത്ത് സെക്രട്ടറി നിർവഹണം നടത്തുന്ന പദ്ധതിയുടെ ഒന്നാം ഘട്ടമായാണ് ഡ്രോൺ സർവേ ആരംഭിച്ചത്. രണ്ടാംഘട്ടത്തിൽ വീടുകൾ കയറിയുള്ള വിവരശേഖരണങ്ങൾ നടത്തുന്നുന്നതാണ്.

ഡ്രോൺ സർവേ പ്രവർത്തനം പഞ്ചായത്ത് പ്രസിഡന്റ് വി.വി മുഹമ്മദലി നാദാപുരം സർക്കാർ യു.പി സ്കൂളിൽ വച്ച് ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് അഖില മര്യാട്ട് അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് സെക്രട്ടറി ടി.ഷാഹുൽഹമീദ് പദ്ധതി വിശദികരിച്ചു.

സ്ഥിരം സമിതി അധ്യക്ഷന്മാരായ സി.കെ നാസർ , എം.സി സുബൈർ , ജനീത ഫിർദൗസ് , മെമ്പർ അബ്ബാസ് കണയക്കൽ, ഊരാളുങ്കൽ ടെക്നോളജി സൊല്യൂഷന്റെ പ്രോജക്ട് കോ-ഓർഡിനേറ്റർ സയ്യിദ് മംഗലശ്ശേരി , പ്രോജക്ട് മാനേജർ കെ.വി അശ്വതി , ഫീൽഡ് മാനേജർ കെ.ദിനൂപ ് സാരംഗ്, ഹാരിസ് മാത്തോട്ടത്തിൽ എന്നിവർ സംസാരിച്ചു. അടുത്ത ദിവസങ്ങളിൽ മുഴുവൻ പ്രദേശങ്ങളിലും ഡ്രോൺ സർവേയിലൂടെ വിവരങ്ങൾ ശേഖരിക്കുന്നതാണ്.ട്ടത്തിൽ എന്നിവർ സംസാരിച്ചു. അടുത്ത ദിവസങ്ങളിൽ മുഴുവൻ പ്രദേശങ്ങളിലും ഡ്രോൺ സർവേയിലൂടെ വിവരങ്ങൾ ശേഖരിക്കുന്നതാണ്.

# വരൂ, അപൂർവയിനം ജീവജാലങ്ങളെ നേരിൽ കാണാം, സെൽഫി എടുക്കാം....സമ്മാനം നേടാം

തിരുവനന്തപുരം: രണ്ടാം പിണറായി വിജയൻ സർക്കാരിന്റെ 'എന്റെ കേരളം പ്രദർശന വിപണന മേള ' തിരുവനന്തപുരം ജില്ലയുടെ മൃഗസംരക്ഷണ വകുപ്പിന്റെ സ്റ്റാളിൽ ഒട്ടേറെ കൗതുകം നിറഞ്ഞ ജീവിജാലങ്ങൾ കാഴ്ചക്കാരെ കാത്തിരിപ്പുണ്ട്. മേള അവസാന ദിവസത്തിലേക്ക് കടന്നപ്പോൾ ഓമനപ്പക്ഷിയായ ബ്ലൂ ആൻഡ് ഗോൾഡ് മക്കാവോയെ തോളിലും തലയിലും വെച്ച് സെൽഫി എടുക്കുന്നവരുടെ തിരക്ക് രാത്രി വൈകും തോറും ഏറി വരികയാണ്. ചാണകത്തിൽ നിന്നും മൂല്യവർധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കാനാകും എന്ന അറിവ് നൽകാൻ ഒരുക്കിയ സ്റ്റാളിലെ സെൽഫി പോയിന്റ്, മെക്സിക്കൻ സ്വദേശി ഇഗ്വാന എന്നിവയെ ചേർത്തുപിടിച്ചുള്ള സെൽഫിക്കായും കാണികളുടെ തിക്കും തിരക്കും കൂടി വരികയാണ്. ഇനി കുതിരപ്പുറത്തു കയറാൻ ആഗ്രഹം ഉള്ളവർക്ക് അതിനും വഴിയുണ്ട്. നിത്യവും വകുപ്പുമായി ബന്ധപ്പെട്ട ക്വിസ് മത്സരത്തിൽ പങ്കെടുത്താൽ വിജയികൾക്ക് കുതിരപ്പുറത്തു കയറാൻ അവസരം ഒരുക്കും. ആനയുടെ പല്ല്, പശു, ആട്, മുയൽ, ഗിനിപ്പന്നി, പട്ടി എന്നീ വളർത്തുമൃഗങ്ങളുടെ ഗർഭസ്ഥ ശിശുക്കളുടെ ഫോർമാലിനിൽ സൂക്ഷിച്ച സാമ്പിളുകൾ, കുരങ്ങ്, മൂർഖൻ, അണലി എന്നിവയുടെ കൗതുകമുണർത്തുന്ന ഫോർമാലിനിൽ സൂക്ഷിച്ച സാമ്പിളുകളും വിവിധ വാക്സിനുകളും മൃഗസംരക്ഷണ വകുപ്പിൽ സ്റ്റാളിൽ ഒരുക്കിയിട്ടുണ്ട്. സ്റ്റാൾ സന്ദർശിക്കാൻ മൃഗസംരക്ഷണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി പ്രണബ് ജ്യോതിനാഥ് ഐ.എ.എസും എത്തി. ഇഗ്വാനയേയും ബ്ലൂ ആൻഡ് ഗോൾഡ് മക്കാവോയേയും കണ്ട കൗതുകത്തിൽ അവയെ കൈയിലെടുത്തു താലോലിച്ചാണ് അദ്ദേഹം മടങ്ങിയത്.



മൃഗസംരക്ഷണ വകുപ്പിന്റെ സ്റ്റാളിൽ ഫോർമാലിനിൽ സൂക്ഷിച്ച വിവിധ മൃഗങ്ങളുടെ ഗർഭസ്ഥ ശിശുക്കളെ നോക്കികാണുന്നവർ





സംസ്ഥാന ബോൾ ബാഡ്മിന്റൺ ടൂർണമെന്റ് ഉദ്ഘാടനം ആർ.സി അമല യു.പി സ്കൂൾ ഗ്രൗണ്ടിൽ വെച്ച് മുൻ എം.എൽ.എയും ബോൾ ബാഡ്മിന്റൺ താരവുമായിരുന്ന എം.വി ജയരാജൻ നിർവഹിച്ചപ്പോൾ

# സംസ്ഥാന ബോൾ ബാഡ്മിന്റൺ ടൂർണമെന്റ് തുടങ്ങി

തലശ്ശേരി: സംസ്ഥാന ബോൾ ബാഡ്മിന്റൺ ടൂർണമെന്റിന് പിണറായിയിൽ തുടക്കമായി. മൂന്ന് ദിവസങ്ങളിലായാണ് നടക്കുന്നത്. പിണറായി സ്പോർട്സ് ക്ലബ്ബ് സംഘടിപ്പിക്കുന്ന സംസ്ഥാന ബോൾ ബാഡ്മിന്റൺ ടൂർണമെന്റ് പിണറായി ആർ.സി അമല ബേസിക് യു.പി സ്കൂൾഗ്രൗണ്ടിലും, പിണറായി പെരുമ സർഗോത്സവ ഗ്രൗണ്ടിലുമായാണ് നടക്കുന്നത്. ടൂർണമെന്റിൽ വിവിധ ജില്ലകളിൽ നിന്നുള്ള 14 ടീമുകൾ മാറ്റുരക്കും. ആർ.സി അമല യു.പി സ്കൂൾ ഗ്രൗണ്ടിൽ വെച്ച് മുൻ എം.എൽ.എയും ബോൾ ബാഡ്മിന്റൺ താരവുമായിരുന്ന എം.വി ജയരാജൻ ടൂർണമെന്റ് ഉദ്ഘാടനം ചെയ്തു. എ.നിഖിൽ കുമാർ അധ്യക്ഷത വഹിച്ചു. പി.കെ. രാജേന്ദ്രബാബു, കക്കോത്ത് രാജൻ, സി.എൻ ഗംഗാധരൻ, എം.വി രമേഷ്, കെ.സുധാകരൻ എന്നിവർ സംസാരിച്ചു.



ഐ.എഫ്.എ ഫൈസൽ ചീരൻ, റോയൽ കിംഗ്സ് എഫ്.സി രക്ഷാധികാരി കരീം പന്നിത്തടത്തിന് പന്ത് കൈമാറുന്നു

# റോയൽ കിംഗ്സ് എഫ്.സിയ്ക്ക് സൗജന്യമായി പന്ത് നൽകി

പന്നിത്തടം: റോയൽ കിംഗ്സ് എഫ്.സിയിലെ യുവ കളിക്കാർക്ക് ഐ.എഫ്.എ ഫൈസൽ ചീരൻ സൗജന്യമായി പന്ത് നൽകി. മധ്യവേനൽ അവധിക്കാലത്ത് കളിക്കാൻ പന്തില്ലാതെ കുട്ടികൾ വിഷമിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെടുത്തിയപ്പോഴാണ് അദ്ദേഹം തന്റെ ജീവനക്കാരേയും കൂട്ടി കളിസ്ഥലത്തെത്തി പുതിയ പന്ത് രക്ഷാധികാരി കരീം പന്നിത്തടത്തിന് കൈമാറി കളിക്ക് തുടക്കം കുറിച്ചത്. തുടർന്ന് കുട്ടികളോടൊപ്പം കളിച്ച് വിജയികൾക്ക് മധുര പലഹാരങ്ങളും, ഉപഹാരങ്ങളും നൽകി. ചടങ്ങിൽ സിയാദ് ഹുസൈൻ, രമേശ് മേലേടത്ത്, ജലീൽ പുളിക്കൽ എന്നിവർ സന്നിഹിതരായിരുന്നു. ക്ലബ്ബ് ഭാരവാഹികളായി എം.ബി ഭാസിൽ (പ്രസിഡന്റ്), മുഹമ്മദ് നിയാസ് (സെക്രട്ടറി), പി.എസ്.ഫഹാസ് (വെസ് പ്രസിഡന്റ്), എ.എസ്. ഫാസിൽ (ജോ. സെക്രട്ടറി) ആർ.എം ഇർഫാൻ (ട്രഷറർ) എന്നിവരെ തിരഞ്ഞെടുത്തു.

# സർക്കാർ ജീവനക്കാർ ധർണ നടത്തി

മാഹി: വിവിധ ആവശ്യങ്ങളുയർത്തി ഫെഡറേഷൻ ഓഫ് സർവീസ് അസോസിയേഷൻസിന്റെ ആഭിമുഖ്യത്തിൽ സർക്കാർ ജീവനക്കാർ മാഹി മുനിസിപ്പാൽ ഷോപ്പിങ്ങ് കോംപ്ലക്സിന് മുൻപിൽ ധർണ നടത്തി. എൻ. ഹരിദാസൻ മാസ്റ്റർ ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി ശ്രീകുമാർഭാനു അധ്യക്ഷത വഹിച്ചു. സി.എച്ച് പ്രഭാകരൻ, കെ. ഹരിദാസൻ , സുജേഷ് വാസുദേവൻ, യതീന്ദ്രൻ മാസ്റ്റർ, പി.ടി.കെ അനൂപ് കുമാർ , പ്രമോദ് കുമാർ കെ.കെ സംസാരിച്ചു. പ്രസിഡന്റ് സി.എച്ച്. സത്യനാഥൻ സ്വാഗതവും, ടി.കെ.ജയപ്രകാശ് നന്ദിയും പറഞ്ഞു.

# ചിത്ര രചനാ മത്സരം 28ന്

തലശ്ശേരി: ലോക പുകയില വിരുദ്ധ ദിനത്തോടനുബന്ധിച്ച് 28ന് സ്കൂൾ വിദ്യാർഥികൾക്കായി ചിത്ര രചനാമത്സരങ്ങൾ നടത്തുന്നു. മലബാർ ക്യാൻസർ സെന്റർ, കണ്ണൂർ ഡിസ്ട്രിക്ട് ക്യാൻസർ കണ്ട്രോൾ കൺസോർഷ്യം, കേരള സ്റ്റേറ്റ് എക്സൈസ് ഡിപ്പാർട്ട്മെന്റ് എന്നിവയുടെ അഭിമുഖ്യത്തിലാണ് പരിപാടികൾ നടത്തുന്നത്. നഴ്സറി വിഭാഗം കുട്ടികൾക്ക് ക്രയോൺസിലും, ഒന്ന് മുതൽ നാല് വരെയും, അഞ്ച് മുതൽ എട്ട് വരെയും, ഒമ്പത് മുതൽ പ്ലസ് ടു വരെയും ക്ലാസുകളിലെ വിദ്യാർഥികൾക്കു വാട്ടർ കളറിലും ആണ് പെയിന്റിങ്ങ് മത്സരങ്ങൾ നടത്തുന്നത്.

തലശ്ശേരി സെന്റ് ജോസഫ് ഹയർ സെക്കൻഡറി സ്കൂളിൽ രാവിലെ 10മണിക്ക് തലശ്ശേരി മുനിസിപ്പൽ ചെയർ പേഴ്സൺ ജമുന റാണി ഉദ്ഘാടനം ചെയ്യും. തലശ്ശേരി എ.എസ്.പി അരുൺ കെ.പവിത്രൻ, എം.സി.സി ഡയരക്ടർ ഡോ. സതീശൻ ബാലസുബ്രഹ്മണ്യൻ എന്നിവർ മുഖ്യാതിഥികളായി പങ്കെടുക്കും. മത്സരത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വിദ്യാർഥികൾ സ്കൂൾ തെളിയിക്കുന്ന സാക്ഷ്യപത്രവുമായി 28ന് രാവിലെ 9.30ന് സെന്റ് ജോസഫ്സ് ഹയർ സെക്കൻഡറി സ്കൂളിലെത്തി രജിസ്റ്റർ ചെയ്ത് നേരിട്ട് പങ്കെടുക്കണം. 31ന് രാവിലെ തലശ്ശേരി പുതിയ ബസ്സ്റ്റാന്റ് പരിസരത്തുവച്ച് പുകയില വിരുദ്ധ സന്ദേശം പരത്തുന്ന ഒറ്റ ക്യാൻവാസ് ചിത്ര രചന പ്രമുഖ ചിത്രകാരന്മാരുടെ നേതൃത്വത്തിൽ പൊതുജനങ്ങൾക്കായി നടത്തുന്നുണ്ട്.

# പരീക്ഷാകേന്ദ്രങ്ങൾ അതാത് ജില്ലകളിൽ അനുവദിക്കണം: രാഷ്ട്രഭാഷാ വേദി

കോഴിക്കോട്: കേന്ദ്ര-സംസ്ഥാന സക്കാരുകളും പൊതുമേഖലാ സ്ഥാപനങ്ങളും വിവിധ എൻട്രൻസ് പരീക്ഷകൾ ഉൾപ്പെടെ നടത്തുമ്പോൾ വിദ്യാർഥികൾക്ക് അവരുടെ സ്വന്തം ജില്ലകളിൽ തന്നെ പരീക്ഷാകേന്ദ്രങ്ങൾ അനുവദിക്കാൻ ബന്ധപ്പെട്ട അധികൃതർ തയ്യാറാകണമെന്ന് രാഷ്ട്രഭാഷാവേദി സംസ്ഥാന തല ഭാരവാഹി സമിതിയോഗം ആവശ്യപ്പെട്ടു. രാഷ്ട്രഭാഷാവേദി സംസ്ഥാന ജനറൽ സെക്രട്ടറി ആർ.കെ ഇരവിൽ അധ്യക്ഷത വഹിച്ചു. ഭാരവാഹികളായ ഗോപി ചെറുവണ്ണൂർ, കുയ്യലക്കണ്ടി ശ്രീധരൻ, വി.എം ആനന്ദകുമാർ, പി.ശിവാനന്ദൻ, എൻ.പി മോഹനൻ, ശ്രീധരൻ പറക്കാസ്, കെ.പി ആലിക്കുട്ടി, ഹരികൃഷ്ണൻ പാറോപ്പടി എന്നിവർ സംസാരിച്ചു. മറ്റു ജില്ലകളിൽ പരീക്ഷാകേന്ദ്രങ്ങൾ അനുവദിക്കുമ്പോൾ വിദ്യാർഥികൾക്ക് താമസസൗകര്യം, യാത്രാ ബുദ്ധിമുട്ട് ഉൾപ്പെടെയുള്ള വലിയ പ്രയാസങ്ങൾ അനുഭവിക്കേണ്ടി വരുന്നുണ്ട്. മാത്രമല്ല പതിനായിരക്കണക്കിന് പേർ എഴുതുന്ന പരീക്ഷകൾക്ക് കേവലം ആയിരത്തോളം മാത്രമേ തെരഞ്ഞെടുക്കപ്പെടുന്നുള്ളൂ. ആധുനിക വാർത്താവിനിമയ സാങ്കേതിക സൗകര്യങ്ങൾ ഏറെ പുരോഗമിച്ച വർത്തമാനകാല സാഹചര്യത്തിൽ ഓൺലൈനായി പരീക്ഷകൾ നടത്തുന്ന കാര്യവും ബന്ധപ്പെട്ടവർ ആലോചിക്കണമെന്നവർ ആവശ്യപ്പെട്ടു.

# 'തയ്യിൽ ഹരീന്ദ്രൻ രക്തസാക്ഷി ദിനം' ആചരിച്ചു

ന്യൂമാഹി: തയ്യിൽ ഹരീന്ദ്രന്റെ 37-ാം രക്തസാക്ഷിത്വ വാർഷിക ദിനം ആചരിച്ചു. ന്യൂ മാഹി ടൗണിൽ നടന്ന പൊതുയോഗം സി.പി.എം ജില്ലാ സെക്രട്ടേറിയേറ്റ് മെമ്പർ പി.ഹരീന്ദ്രൻ ഉദ്ഘാടനം ചെയ്തു. കെ.ജയപ്രകാശൻ അധ്യക്ഷത വഹിച്ചു. സി.പി.എം ജില്ലാ കമ്മിറ്റി അംഗം എം.സി പവിത്രൻ, സി.ഐ.ടി.യു ജില്ലാ സെക്രട്ടറി ടി.പി ശ്രീധരൻ, പി.പി രഞ്ജിത്ത് സംസാരിച്ചു. കുറിച്ചിയിൽ പുന്നോൽ ബാങ്ക് പരിസരം കേന്ദ്രീകരിച്ച് പ്രകടനം നടന്നു. കാലത്ത് വിവിധ കേന്ദ്രങ്ങളിൽ പ്രഭാതഭേരി നടന്നു. ചെറുകല്ലായി രക്തസാക്ഷി മണ്ഡപത്തിൽ പുഷ്പാർച്ചനയും റീത്ത് സമർപ്പണവുമുണ്ടായി. അനുസ്മരണ ചടങ്ങിൽ എസ്.കെ വിജയൻ അധ്യക്ഷത വഹിച്ചു. സി.പി.എം





തയ്യിൽ ഹരീന്ദ്രന്റെ 37-ാം രക്തസാക്ഷിത്വ വാർഷിക ദിനാചര ചടങ്ങിൽനിന്ന്

ജില്ലാ സെക്രട്ടറിയേറ്റ് മെമ്പർ കാരായി രാജൻ, ഏരിയ സെക്രട്ടറി സി.കെ രമേശൻ, വടക്കൻ ജനാർദ്ദനൻ, കെ. ജയപ്രകാശൻ, കെ.പി സുനിൽകുമാർ, വി.പി ശ്രീകാന്ത് സംസാരിച്ചു.

# 'ഗില്ലാടി നമ്പർ വൺ'

## രണ്ടാം ക്വാളിഫയറിൽ മുംബൈയെ മറികടന്ന് ഫൈനലിലേക്ക് ഗുജറാത്ത്. ശുഭ്മാൻ ഗില്ലിന് സെഞ്ചുറി (129)

അഹമ്മദാബാദ്: വ്യക്തിഗത സ്കോർ 30ൽ നിൽക്കെ ശുഭ്മാൻ ഗില്ലിനെ വിട്ടുകളഞ്ഞതോർത്ത് ടിം ഡേവിഡ് പശ്ചാത്തപിക്കുന്നുണ്ടാകും. കാരണം ആ ഒരു ക്യാച്ചാണ് രണ്ടാം ക്വാളിഫയർ മത്സരത്തിന്റെ വിധി തന്നെ നിർണയിച്ചത്. പിന്നീടൊരിക്കലും അത്തരമൊരു അവസരം ഗില്ല് നൽകുകയോ മുംബൈ സൃഷ്ടിക്കുകയോ ചെയ്തിട്ടില്ല. തുടർന്നങ്ങോട്ട് താണ്ഡവമായിരുന്നു. സംഹാരഭാവം പൂണ്ട് ഗില്ല് ആടി തിമിർത്തപ്പോൾ മുംബൈ ബൗളർമാർ നിഷ്പ്രഭരാകുന്നതാണ് കാണാൻ കഴിഞ്ഞത്. 10 പടുകൂറ്റൻ സിക്സുകൾ, ഏഴ് മനോഹര ഫോറുകൾ.

സാങ്കേതിക തികവാർന്ന ബാറ്റിങ് വിരുന്നാണ് നരേന്ദ്രമോദി സ്റ്റേഡിയത്തിലെ 75000ൽ പരം കാണികൾക്കായി ഗില്ല് ഒരുക്കിയത്. ഒരു പിഴവും വരുത്താതെ കൃത്യമായ പദ്ധതികളുമായി ഗില്ല് കളം നിറഞ്ഞാടിയപ്പോൾ റോക്കറ്റ് വേഗത്തിലാണ് ഗുജറാത്ത് ടൈറ്റൻസ് സ്കോർ ഉയർന്നത്. ടോസ് നേടിയ മുംബൈ ക്യാപ്റ്റൻ ഗുജറാത്തിനെ ബാറ്റിങ്ങിന് ക്ഷണിക്കുകയായിരുന്നു. എന്നാൽ ആ തീരുമാനം തെറ്റായിരുന്നവെന്ന് മനസ്സിലാക്കാൻ വളരെ കുറഞ്ഞ സമയം മാത്രമേ വേണ്ടിവന്നുള്ളൂ. ആദ്യവിക്കറ്റിൽ 54 റൺസാണ് ഗില്ലും സാഹയും കൂട്ടിച്ചേർത്തത്. പീയുഷ് ചൗളയെറിഞ്ഞ ഏഴാം ഓവറിലെ രണ്ടാം പന്തിൽ 18 റൺസെടുത്ത സാഹയെ ഇഷാൻ കിഷൻ സ്റ്റംപ് ചെയ്ത് പുറത്താക്കുന്നു. ഇവിടെ കഴിഞ്ഞു മുംബൈയുടെ ആഘോഷം. തുടർന്നുവന്ന സായ് സുദർശൻ ഗില്ലിന് മികച്ച പിന്തുണ നൽകിയപ്പോൾ മുംബൈ ബൗളർമാർക്ക് കളിക്കളത്തിൽ ഒരു സാധ്യതയും തുറന്നു കിട്ടിയില്ല. കഴിഞ്ഞ മത്സരത്തിലെ ഹീറോ ആകാശ് മധ്വാളിനെ ഗിൽ തിരഞ്ഞുപിടിച്ച് ശിക്ഷിച്ചു.

ഗ്രൂപ്പ്ഘട്ടത്തിലെ ഗുജറാത്തുമായുള്ള രണ്ടാം മത്സരത്തിൽ ഗില്ലിനെ ക്ലീൻ ബൗൾഡാക്കി പുറത്താക്കിയത് മധ്വാളായിരുന്നു. ഈ മത്സരത്തിലും ഗില്ലിന്റെ വിക്കറ്റ് മധ്വാളിന് തന്നെയാണ്. എന്നാൽ ഇത്തവണ 60 പന്തിൽ 129 റൺസുമായായാണ് ഗില്ല് മടങ്ങിയത്. രണ്ടാം വിക്കറ്റിൽ സായ് സുദർശനുമായി 138 റൺസാണ് ഗില്ല് കൂട്ടിച്ചേർത്തത്.

32 പന്തിൽ അർധ സെഞ്ചുറി തികച്ച ഗില്ലിന് അടുത്ത 50 റൺസ് നേടാൻ വെറും 17 പന്തുകൾ മാത്രമേ വേണ്ടിവന്നുള്ളൂ. ക്രിസ് ജോർദാൻ നാലോവറിൽ 56ഉം ആകാശ് മധ്വാൾ നാലോവറിൽ 52ഉം പീയുഷ് ചൗള മൂന്നോവറിൽ 45ഉം കാമറൂൺ ഗ്രീൻ മൂന്നോവറിൽ 35 റൺസും വഴങ്ങി. നാലോവറിൽ 28 റൺസ് വിട്ടുക്കൊടുത്ത ജേസൺ ബെഹ്റെൻഡ്രോഫും രണ്ടോവറിൽ 15 രൺസ് വഴങ്ങിയ കുമാർ കാർത്തികേയയും മാത്രമാണ് മുംബൈ ബൗളിങ് നിരയിൽ ഭേദപ്പെട്ട പ്രകടനം നടത്തിയത്. 17ാം ഓവറിലെ അഞ്ചാം പന്തിൽ ഗില്ലും 19ാം ഓവറിലെ അവസാന പന്തിൽ 43 റൺസുമായി സായ് സുദർശനും മടങ്ങിയെങ്കിലും ക്യാപ്റ്റൻ ഹാർദിക് പാണ്ഡ്യ അവസാന ഓവറുകളിൽ (13 പന്തിൽ 28*) തകർത്തടിച്ചു. നിശ്ചിത 20 ഓവറിൽ മൂന്ന് വിക്കറ്റ് നഷ്ടത്തിൽ 233 റൺസാണ് ഗുജറാത്ത് നേടിയത്.വലിയ സ്കോർ പിന്തുടരുന്നതിന്റെ സമ്മർദം മുംബൈ ക്യാമ്പിലുണ്ടായിരുന്നു. എന്നാൽ ഇഷാൻ കിഷന് അപ്രതീക്ഷിതമായുണ്ടായ പരുക്ക് മുംബൈക്ക് വൻ തിരിച്ചടിയായി. ക്രിസ് ജോർദാന്റെ കൈമുട്ട് തട്ടി കണ്ണിന് പരുക്കേറ്റ കിഷൻ മൈതാനം വിടുകായിരുന്നു. കിഷനു പകരം പിന്നീടെത്തിയത് മലയാളി താരമായ വിഷ്ണു വിനോദായിരുന്നു. ഓപ്പണിങ്ങിൽ രോഹിത്തിനൊപ്പം കിഷന് പകരം എത്തിയത് വധേരയായിരുന്നു. എന്നാൽ ആദ്യ ഓവറിൽ തന്നെ നാല് റൺസലെടുത്ത വധേരയെ മടക്കി ഷമി ഗുജറാത്തിന് ആദ്യ ബ്രേക്ക് ത്രൂ നൽകി. ഷമിയുടെ രണ്ടാം ഓവറിൽ എട്ട് റൺസുമായി രോഹിത് ശർമയും മടങ്ങി. എന്നാൽ തുടർന്നെത്തിയ തിലക് വർമ മികച്ച ഫോമിലായിരുന്നു.

14 പന്തിൽ മൂന്ന് സിക്സും അഞ്ചു ഫോറും ഉൾപ്പെടെ 43 റൺസ് നേടിയ തിലക് പവർപ്ലേ ഓവറിൽ മുംബൈക്ക് നല്ല തുടക്കം നൽകി. ആറാം ഓവറിലെ അവസാന പന്തിൽ ഗുജറാത്തിന്റെ സൂപ്പർമാൻ റാഷിദ് ഖാൻ തിലക് വർമയെ ക്ലീൻ ബൗൾഡാക്കി. തുടർന്ന് ക്രീസിലെത്തിയ സൂര്യകുമാർ യാദവും കാമറൂൺ ഗ്രീനും മുംബൈക്ക് വലിയ പ്രതീക്ഷ നൽകി. ഇരുവരും നാലാം വിക്കറ്റിൽ 52 റൺസ് കൂട്ടിച്ചേർത്തു. എന്നാൽ 30 റൺസെടുത്ത ഗ്രീനിനെ ജോഷ ലിറ്റിൽ ക്ലീൻ ബൗൾഡാക്കി. എങ്കിലും സൂര്യ ഒരു ഭാഗത്ത് റൺറേറ്റ് ഉയർത്തുന്നുണ്ടായിരുന്നു. 14 ഓവർ പിന്നിടുമ്പോഴേക്കും മുബൈ സ്കോർ 150 കടന്നിരുന്നു. ഇതിനിടെ സൂര്യകുമാർ അർധസെഞ്ചുറിയും പിന്നിട്ടു.

15ാം ഓവർ പന്തെറിയാൻ വന്ന മോഹിത് ശർമയാണ് കളി മുംബൈയിൽ നിന്നും തിരിച്ച് ഗുജറാത്തിന്റെ കോർട്ടിലെത്തിച്ചത്. അത്യുജ്ജ്വല ഫോമിലുണ്ടായിരുന്ന സൂര്യയെ (38 പന്തിൽ 61) മോഹിത് ബൗൾഡാക്കി. കളിയിലെ ടേണിങ് പോയിന്റ് അതായിരുന്നു. തുടർന്നങ്ങോട്ട് ചടങ്ങ് തീർക്കൽ മാത്രമായിരുന്നു. സൂര്യക്ക് പുറമേ വിഷ്ണു വിനോദിനേയും ക്രിസ് ജോർദാനെയും പീയുഷ് ചൗളയേയും കുമാർ കാർത്തികയേയും മടക്കി മോഹിത് തന്റെ അഞ്ച് വിക്കറ്റ് നേട്ടം ആഘോഷമാക്കി. 18.2 ഓവറിൽ 171 റൺസിന് മുംബൈ ബാറ്റ്സ്മാൻമാർ എല്ലാവരും കീഴടങ്ങി.

ഗുജറാത്തിന് 62 റൺസ് വിജയം, കൂടെ ഫൈനലിലേക്കുള്ള ടിക്കറ്റും. ശുഭ്മാൻ ഗില്ലാണ് കളിയിലെ താരം. ഈ സീസണിൽ മൂന്ന് സെഞ്ചുറിയുൾപ്പെടെ 851 റൺസാണ് ഗിൽ ഇതുവരെ നേടിയത്. ഇനി ഗില്ലിന് ഓറഞ്ച് ക്യാപ്പിനായി എതിരാളികളില്ല. ഒരു സീസണിലെ ഏറ്റവും കൂടുതൽ റൺസെടുത്ത താരങ്ങളുടെ പട്ടികയിൽ മൂന്നാമതെത്താനും ഗില്ലിനായി. വിരാട് കോലിയാണ് അതിൽ ഒന്നാമത്. 2016ൽ 16 മത്സരങ്ങളിൽ നിന്ന് 973 റൺസാണ് കോലി അടിച്ചെടുത്തത്. രണ്ടാമത് ജോസ് ബട്ലറാണ്. 17 മത്സരങ്ങളിൽ നിന്ന് 863 റൺസാണ് ബട്ലർക്ക് നേടാനായത്. ബട്ലറുടെ ഈ റെക്കോർഡ് അടുത്ത മത്സരത്തിൽ ഗിൽ മറികടക്കുമെന്നാണ് പ്രതീക്ഷ.





1. സെഞ്ചുറി നേടിയ ഗില്ലിന്റെ ആഹ്ലാദം 2. മുംബൈക്കെതിരേ വിക്കറ്റ് നേടിയ മോഹിത്ശർമയെ അഭിനന്ദിക്കുന്ന സഹതാരങ്ങൾ






1.എച്ച്.ഡി.ആർ.എഫ് തൊഴിൽ നൈപുണ്യ വികസന പദ്ധതിയുടെ ഭാഗമായി ആസാമിലെ സൗത്ത് സൽമാറ ജില്ലയിൽ സർക്കാറെർഗോൺ ഗ്രാമത്തിൽ പെൺകുട്ടികൾക്കുള്ള തയ്യൽ പരിശീലനകേന്ദ്രം സമർപ്പണ ചടങ്ങിൽ സംസാരിക്കുന്ന ഡോ.ഹുസൈൻ മടവൂർ 2. തയ്യൽ മെഷിനുകളുമായി പെൺകുട്ടികൾ

## എച്ച്.ഡി.ആർ.എഫ് തൊഴിൽ നൈപുണ്യ വികസന പദ്ധതി; തയ്യൽ പരിശീലനകേന്ദ്രം പ്രവർത്തനമാരംഭിച്ചു

ആസ്സാം: ഡൽഹി കേന്ദ്രമായി പ്രവർത്തിക്കുന്ന ഹ്യൂമൺ റിസോഴ്സ് ഡെവലപ്മെന്റ് ഫൗണ്ടേഷന്റെ (എച്ച്.ഡി.ആർ.എഫ് ) തൊഴിൽ നൈപുണ്യ വികസന പദ്ധതിയുടെ ഭാഗമായി ആസാമിലെ സൗത്ത് സൽമാറ ജില്ലയിൽ സർക്കാറെർഗോൺ ഗ്രാമത്തിൽ പെൺകുട്ടികൾക്കുള്ള തയ്യൽ പരിശീലനകേന്ദ്രം പ്രവർത്തനമാരംഭിച്ചു. പിന്നോക്കം നിൽക്കുന്ന ഗ്രാമീണ മേഖലകളിൽ വിദ്യാഭ്യാസ പ്രവർത്തനങ്ങളോടൊപ്പം തൊഴിൽ പരിശീലന പദ്ധതികൾ കൂടി സമന്വയിപ്പിച്ച് കൊണ്ടുള്ള പ്രവർത്തനങ്ങളാണ് എച്ച.ഡി.ആർ.എഫ് നടപ്പിലാക്കുന്നതെന്ന് ചെയർമാൻ ഡോ.ഹുസൈൻ മടവൂർ പറഞ്ഞു. വിദ്യാഭ്യാസ പ്രോത്സാഹനം, തൊഴിൽ പരിശീലനം, ആരോഗ്യ ബോധവൽക്കരണം, അനാഥ അഗതി സംരക്ഷണം, കുടിവെള്ള പദ്ധതികൾ, ഭവന നിർമാണം, ഭക്ഷണ വസ്ത്ര വിതരണം തുടങ്ങിയ മേഖലകളിൽ സ്തുത്യർഹമായ പ്രവർത്തനങ്ങളാണ് എച്ച്.ഡി.ആർ.എഫ് നടത്തുന്നത്. ബീഹാറിലെ ഠാക്കൂർ ഗഞ്ചിലെ എച്ച്.ഡി.ആർ.എഫ് പബ്ലിക് സ്കൂളിൽ 150ലേറെ കുട്ടികൾ പഠിക്കുന്നുണ്ടെന്നും ഡോ.മടവൂർ പറഞ്ഞു.

## കേരള പ്രവാസി കമ്മീഷൻ നിയമനം: നാല് മാസത്തിനകം തീരുമാനമെടുക്കണം: കേരള ഹൈക്കോടതി

കുവൈറ്റ് സിറ്റി: കേരള പ്രവാസി കമ്മീഷനുമായി ബന്ധപ്പെട്ട് നാല് മാസത്തിനകം തീരുമാനമെടുക്കാൻ സംസ്ഥാന സർക്കാരിനോട് കേരള ഹൈക്കോടതിയുടെ നിർദേശം. പ്രവാസി ലീഗൽ സെൽ നൽകിയ ഹർജിയിൽ ആണ് കേരള ഹൈക്കോടതിയുടെ ഈ നിർദേശം വന്നിട്ടുള്ളത്. കേരളത്തിൽ നിന്നുള്ള പ്രവാസികളുടെ പ്രശ്നപരിഹാരത്തിനായി 2016ൽ സ്ഥാപിതമായ പ്രവാസി കമ്മീഷൻ അധ്യക്ഷനായിരുന്ന ജസ്റ്റിസ് പി.ഡി രാജൻ വിരമിച്ചതിന് ശേഷം തുടർ നിയമനം ഉണ്ടായിട്ടില്ലായിരുന്നു. അതുകൊണ്ട് തന്നെ കഴിഞ്ഞ കുറെ മാസങ്ങളായി കേരള പ്രവാസി കമ്മീഷൻ പ്രവർത്തനരഹിതമായിരുന്നു.

ഈ സാഹചര്യത്തിൽ ആണ് പ്രവാസി ലീഗൽ സെൽ ഗ്ലോബൽ പ്രസിഡന്റ് സുപ്രീം കോർട്ട് ഓൺ റെക്കോർഡ് അഡ്വ. ജോസ് എബ്രഹാം ഹൈക്കോടതിയെ സമീപിച്ചത്. പ്രവാസികൾക്ക് ഏറെ ആശ്വാസകരമായ വിധിയാണിതെന്നും കേരള ഹൈക്കോടതിയുടെ ഈ വിധിയെ സന്തോഷത്തോടെ സ്വാഗതം ചെയ്യുന്നുവെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. കേരള ഹൈക്കോടതിയുടെ വിധി സ്വാഗതം ചെയ്യുന്നതായും പ്രവാസികളുടെ നിരവധിയായ പ്രശ്നപരിഹാരത്തിന് സഹായകരമായ പ്രവാസി കമ്മീഷന്റെ പ്രവർത്തനം ഈ കോടതി വിധി പ്രകാരം വേഗത്തിലാകുമെന്നും പ്രതീക്ഷിക്കുന്നതായി പി.എൽ.സി കുവൈറ്റ് ജനറൽ സെക്രട്ടറി ബിജു സ്റ്റീഫൻ, കോ-ഓർഡിനേറ്റർ അനിൽ മൂടാടി എന്നിവർ അറിയിച്ചു.

## 'പഴയങ്ങാടി സ്റ്റോപ്പ് പുനഃസ്ഥാപിക്കണം'

ദുബായ്: മംഗള-ലക്ഷദ്വീപ്-നിസാമുദ്ദീൻ 12618ാം നമ്പർ ട്രെയിനിന്റെ മടക്കയാത്രയിലെ പഴയങ്ങാടി സ്റ്റോപ്പ് നിർത്തലാക്കിയ റെയിൽവേയുടെ നടപടി പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കണമെന്ന് രാജ്മോഹൻ ഉണ്ണിത്താൻ എം.പിക്കു നൽകിയ നിവേദനത്തിലൂടെ ദുബായ് ചിരന്തന പ്രസിഡന്റ് പുന്നക്കൻ മുഹമ്മദലി ആവശ്യപ്പെട്ടു. രാഷ്ട്ര തലസ്ഥാനത്തുനിന്നുള്ള ഏക ട്രെയിനിന്റെ തുടക്കം തൊട്ടുള്ള സ്റ്റോപ്പാണ് മുന്നറിയിപ്പു കൂടാതെ റെയിൽവേ പിൻവലിച്ചിരിക്കുന്നതെന്നും, ഇത് പഴയങ്ങാടി റെയിൽവേ സ്റ്റേഷനെ തരംതാഴ്ത്താനുള്ള ബോധപൂർവ്വമുള്ള നടപടിയാണെന്നും നിവേദനത്തിൽ ചൂണ്ടിക്കാട്ടി. വവിഷയത്തിൽ സജീവമായി ഇടപെടാമെന്ന് രാജ്മോഹൻ ഉണ്ണിത്താൻ എം.പി ഉറപ്പുനൽകി. യു.ഡി.എഫിന്റെ ഭാഗമായുള്ള ദുബായ്, അബുദാബി, ഷാർജ എന്നിവിടങ്ങളിലെ സംഘടനാപരിപാടികളിൽ പങ്കെടുക്കാൻ മുഖ്യാതിഥിയായി എത്തിച്ചേർന്നതായിരുന്നു രാജ്മോഹൻ ഉണ്ണിത്താൻ എം.പി.

## വിസ്ഡം എജ്യുക്കേഷൻ ബോർഡ് പൊതുപരീക്ഷാ ഫലം പ്രഖ്യാപിച്ചു

കോഴിക്കോട്: വിസ്ഡം എജ്യുക്കേഷൻ ബോർഡിന് കീഴിൽ പ്രവർത്തിക്കുന്ന മദ്റസകളിലെ 2022-23 അധ്യയന വർഷത്തെ അഞ്ച്, എട്ട് ക്ലാസുകളിലെ പൊതു പരീക്ഷാ ഫലം വിസ്ഡം ഇസ്ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി.എൻ. അബ്ദുല്ലത്തീഫ് മദനി പ്രഖ്യാപിച്ചു. അഞ്ചാം തരത്തിൽ 85.61%വും എട്ടാം തരത്തിൽ 58.82% വുമാണ് വിജയം. എട്ടാം തരത്തിൽ കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് സലഫി മദ്റസയിലെ നദാ സഊദ് (30204811) 98.6% ശതമാനം മാർക്കോടെ ഒന്നാം റാങ്ക് കരസ്ഥമാക്കി.

തളിപ്പറമ്പ് സലഫി മദ്രസയിലെ തന്നെ റീസ ഹാരിസ് (30204816) 18.33% മാർക്കോടെ രണ്ടാം റാങ്കും ചൂടിക്കോട്ട മദ്രസത്തു അസ്സബാഹിലെ ഫാത്തിമ ഷാസിയ.ടി (30213809) 97.00% മാർക്കോടെ മൂന്നാം റാങ്കും കരസ്ഥമാക്കി.അഞ്ചാം തരത്തിൽ കാസർകോട് ജില്ലയിലെ കാഞ്ഞങ്ങാട് സലഫി മദ്റസയിലെ ഫാത്തിമത്ത് ഹിബ, പി.ടി.പി (30101512) 99.33% മാർക്കോടെ ഒന്നാം റാങ്കും, മലപ്പുറം ജില്ലയിലെ പുത്തനങ്ങാടി മദ്റസത്തു സലഫിയ്യയിലെ റിദ മെഹ്ഫിൻ.പി (30608512) 98.66% മാർക്കോടെ രണ്ടാം റാങ്കും

പാലക്കാട് ജില്ലയിലെ എടത്തനാട്ടുകര ദാറുൽ ഖുർആൻ അൽഹിക് സലഫി മദ്റസയിലെ ഷിസ ഫാത്തിമ.എം (30005527), നടുവട്ടം അൽ മദ്റസത്തു സലഫിയ്യയിലെ മുസ്ലിഹ, കെ.കെ (30913507) എന്നിവർ 98.33% മാർക്കോടെ മൂന്നാം റാങ്ക് പങ്കിട്ടു. പുനർ മൂല്യനിർണയത്തിന് മെയ് 31 വരെ അപേക്ഷിക്കാം. അപേക്ഷകർ രജിസ്റ്റർ നമ്പർ, പുനർ മൂല്യനിർണയം, ആവശ്യമായ വിഷയം എന്നിവ കൃത്യമായി രേഖപ്പെടുത്തി സദർ മുദരിസ് സാക്ഷ്യപ്പെടുത്തിയ അപേക്ഷ-പരീക്ഷ കൺട്രോളർ, വിസ്ഡം എജ്യുക്കേഷൻ ബോർഡ്, സി.വി കോംപ്ലക്സ്, പി.വി സ്വാമി റോഡ് കോഴിക്കോട് 673002 എന്ന അഡ്രസ്സിൽ അയക്കേണ്ടതാണ്.

പുനർമൂല്യനിർണയത്തിന് ഒരു വിഷയത്തിന് 100 രൂപയാണ് ഫീസ്. കേരളത്തിലെ വിവിധ ജില്ലകളിലെ മദ്റസകളിൽ നിന്ന് പരീക്ഷ എഴുതിയ വിദ്യാർഥികളിൽ നിന്നും കേന്ദ്രീകൃത മൂല്യനിർണയത്തിലൂടെയാണ് റാങ്കുകാരെ കണ്ടെത്തിയത്.

## എയ്ഡഡ് സ്കൂൾ ജീവനക്കാർക്ക് നിയമനാംഗീകാരവും ശമ്പളവും നൽകണം: യു.ടി.എം.കെ

കോഴിക്കോട്: ഭിന്നശേഷി സംവരണത്തിന്റെ പേരിൽ സർക്കാർ 1500ലേറെ അധ്യാപക-അനധ്യാപക എയ്ഡഡ് സ്കൂൾ ജീവനക്കാരെ പട്ടിണിയിലേക്ക് തള്ളിവിടുകയാണെന്ന് 2018 മുതൽ നിയമനാംഗീകാരം ലഭിക്കാത്ത അധ്യാപകരുടെ കൂട്ടായ്മയായ അൺഅപ്രൂവ്ഡ് ടീച്ചേഴ്സ് മൂവ്മെന്റ് കേരള (യു.ടി.എം.കെ) ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ പറഞ്ഞു. സുപ്രീംകോടതിയുടേയും ഹൈക്കോടതിയുടേയും ഉത്തരവുകളിൽ നിർദേശിച്ചിട്ടുള്ള ആനുകൂല്യങ്ങൾ എത്രയും പെട്ടെന്ന് ലഭ്യമാക്കാനുള്ള നടപടി സർക്കാർ കൈക്കൊള്ളണം. നിത്യചെലവിനും വണ്ടിക്കൂലിക്കും ബന്ധുക്കളുടെ ചികിത്സയ്ക്ക് പോലും പ്രയാസപ്പെടുന്ന ആയിരക്കണക്കിന് ജീവനക്കാരുടെ അവകാശാധികാരങ്ങൾ സംരക്ഷിക്കാനുള്ള ഉത്തരവാദിത്വം സർക്കാർ കാണിക്കണം. വർഷങ്ങളായി നിയമനാംഗീകാരം ലഭിക്കാത്ത സാഹചര്യത്തിൽ 15000ത്തോളം വരുന്ന എയ്ഡഡ് അധ്യാപക-അനധ്യാപക ജീവനക്കാർ ശക്തമായ സമരത്തിലേക്കിറങ്ങേണ്ട അവസ്ഥയാണുള്ളത്.

ആദ്യഘട്ടമെന്ന നിലയിൽ വിദ്യാഭ്യാസ മന്ത്രി ഉൾപ്പെടെയുള്ള രാഷ്ട്രീയ-ഉദ്യോഗസ്ഥ നേതൃത്വത്തോട് അധ്യാപകർ നേരിട്ടും ഫോൺ വഴിയും സമൂഹമാധ്യമങ്ങൾ വഴിയും നിരന്തരം ചോദ്യങ്ങൾ ചോദിച്ചുകൊണ്ടുള്ള 'ചോദ്യം ചോദിക്കൽ സമരം' നടത്തും. കൂടാതെ പ്രവേശനോത്സവ ദിനത്തിൽ സ്കൂൾ പ്രവർത്തനങ്ങളെ ബാധിക്കാത്ത വിധം പ്രതിഷേധ ദിനമാചരിച്ച് മുഴുവൻ അധ്യാപകരും ഉപവാസമിരിക്കും. ഭിന്നശേഷി വിഭാഗങ്ങളുടെ ട അവകാശങ്ങൾക്കോ നിയമനത്തിനോ അധ്യാപക സമൂഹം എതിരല്ല. സാമൂഹ്യനീതിയേയും ഭരണഘടന അവകാശങ്ങേളേയും മുൻനിർത്തി ഒഴിവ് തസ്തികകളിൽ ഭിന്നശേഷി സംവരണം എത്രയും വേഗം നടപ്പിലാക്കുവാൻ സർക്കാർ തയാറാകണം. സംവരണം നടപ്പിലാക്കുന്നത് ഇതിനോടകം നിയമിതരായ അധ്യാപകരെ പുറത്താക്കി കൊണ്ടാകരുതെന്നുള്ള സുപ്രീംകോടതി വിധിയുണ്ടെന്നവർ കൂട്ടിച്ചേർത്തു. വാർത്താസമ്മേളനത്തിൽ യു.ടി.എം.കെ കൺവീനർ ഒ.പി ഹസീബ്, ലീഗൽ കോ-ഓർഡിനേറ്റർ എം.അനുനാദ്, ജോ.കൺവീനർമാരായ എൻ.പി സുജിത്ത്, എം.വിദ്യ, ട്രഷറർ വി.വി രേഷ്മ എന്നിവർ പങ്കെടുത്തു.

RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.